നം.കെ.എസ്.എ.പി.റ്റി.എ.പി**9/1140/2018** തീയതി**:04.08.2018**

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ **2017-18**സാമ്പത്തിക വർഷത്തെ വരവ്**-**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994-** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996-** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കോന്നി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 25-08-2017 മുതൽ 16.07.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 16.07.2018മുതൽ 27.7.2018 വരെ | ശ്രീമതി. കവിത.റ്റി.എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മഹേഷ് കുമാർ.കെ.ആർ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീകുമാർ.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി.രജനി.എം | 01.04.2017മുതൽ 28.02.2018 വരെ |
| ശ്രീ.പ്രവീൺ പ്ലാവിളയിൽ<br>(വൈസ് പ്രസിഡന്റ്) | 01-03-18മുതൽ 31-03-2018വരെ<br>(പ്രസിഡന്റിന്റെ അധിക ചുമതല) |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ശാന്തി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-**1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകന വിവരങ്ങൾ | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം-**2** | |
| 13 | വസ്തുനികുതിയിനത്തിൽ 1.25 കോടി രൂപ പിരിച്ചെടുത്ത നടപടി ശ്ലാഘനീയം | 2-1 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം | 2-2 |
| 15 | വസ്തുനികുതി ശരിയായി നിർണ്ണയിച്ചില്ല- 32000 രൂപയുടെ നഷ്ടം | 2-3 |
| 16 | ക്വാറി/ക്രഷർ ലൈസൻസ്- അവശ്യമായ സർട്ടിഫിക്കറ്റുകളുടെ സുതാര്യത ഉറപ്പുവരുത്തുന്നില്ല. | 2-4 |
| 17 | ഡി ആന്റ് ഒ – അവശ്യ രേഖകളില്ലാതെ ലൈസൻസ് നൽകി. | 2-5 |
| 18 | ആധുനിക മത്സ്യചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല. | 2-6 |

| | | |
|---|---|---|
| 19 | തൊഴിൽ നികുതി അപാകതകൾ. | 2-7 |
| | ഭാഗം**-3** | |
| 20 | വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച 1.91 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-1 |
| 21 | ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതരമായ അപാകതകൾ. | 3-2 |
| 22 | ഇ.എം.എസ് ഭവനപദ്ധതി -സർക്കാർ അനുമതിയില്ലാതെ ലോൺ എടുത്തു- പലിശ പഞ്ചായത്തിനു ബാദ്ധ്യതയായി. | 3-3 |
| 23 | ഒരേ തരം ഇലക്ട്രിക് ഉപകരണങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ ജി.എസ്.ടി നൽകി | 3-4 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം-ഫൈൻ അടവാക്കിയത് ക്രമവത്കരിക്കണം | 3-5 |
| 25 | മട്ടുപ്പാവ് കൃഷി: സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കി. | 3-6 |
| 26 | പദ്ധതികൾ പൂർത്തീകരിച്ചില്ല. | 3-7 |
| 27 | പശു വാങ്ങൽ പദ്ധതി- സബ്സിഡി നൽകിയതിൽ അപാകത | 3-8 |
| 28 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാതെ നഷ്ടമാക്കി. | 3-9 |
| 29 | കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് സ്ഥലമെടുപ്പ്- ഗ്രാമപഞ്ചായത്തിന് വൻ ബാധ്യത. | 3-10 |
| 30 | SC കുട്ടികൾക്ക് സൈക്കിൾ വിതരണം പദ്ധതിയുടെ രേഖകൾ പൂർണ്ണമായും ലഭ്യമായില്ല. | 3-11 |
| 31 | SC കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയ പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ചെലവ് ചെയ്തു. | 3-12 |
| 32 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും VAT തുക കുറവു ചെയ്തിട്ടില്ല. | 3-13 |
| 33 | പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്ത് തനതുഫണ്ടിനു നഷ്ടം. | 3-14 |
| 34 | വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകളും അവയുടെ നിലവിലെ അവസ്ഥയും പ്രായോഗിക ബുദ്ധിമുട്ടുകളും. | 3-15 |
| | ഭാഗം **4** | |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 38 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


പൊതു അവലോകനം

ഗ്രാമപഞ്ചായത്തിന്റെ വരവു സംബന്ധിച്ച നേട്ടങ്ങളും കോട്ടങ്ങളും ഓഡിറ്റ് വിലയിരുത്തി. വസ്തു നികുതിയിനത്തിൽ 1.25 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞത് അഭിനന്ദനമർഹിക്കുന്നു. വാണിജ്യ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖകളില്ലാതെ ലൈസൻസുകൾ നൽകിയതിലും ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിലും ഗ്രാമപഞ്ചായത്തിനു ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇതിന്മേൽ ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. 2.25 കോടി രൂപയുടെ പൊതുപണം ഉപയോഗിച്ച് നാരായണപുരം മാർക്കറ്റിൽ നിർമ്മിച്ച ആധുനിക മത്സ്യ മാർക്കറ്റിനെ നോക്കുകുത്തിയാക്കിക്കൊണ്ട് മത്സ്യ കച്ചവടക്കാർ അതിനു മുന്നിൽ വ്യാപാരം നടത്തുന്നത് ഭരണ സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണ്. ഭരണ സമിതി ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വഴിയോര മത്സ്യ വ്യാപാരികളെ വിലക്കേണ്ടതുമാണ്.

ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ₹76017 രൂപ കരാറുകാർ ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച 1.91 കോടി രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടില്ല. സർക്കാർ അനുമതിയില്ലാതെ EMS ഭവനപദ്ധതിയ്ക്ക് വായ്പ എടുത്തതുമൂലം 10.66 ലക്ഷം രൂപയുടെ പലിശ ബാദ്ധ്യത ഗ്രാമപഞ്ചായത്തിനുണ്ടായി. സർക്കാറിൽ നിന്നും സാധൂകരണം വാങ്ങാത്ത പക്ഷം ഉത്തരവാദികൾക്ക് പലിശ ബാദ്ധ്യത പിന്നീട് ഉണ്ടാകുന്നതാണ്. വെറ്റിനറി സർജൻ നിർവ്വഹിച്ച വിവിധ പദ്ധതികളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. KSRTC സ്റ്റാൻഡിനു സ്ഥലം ഏറ്റെടുത്തതിലും ഏറ്റെടുക്കുന്നതിലും വ്യക്തമായ കരാർ ചമയ്ക്കേണ്ടതിന്റെ ആവശ്യകത ഖ.3-10 ൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ സൈക്കിൾ വിതരണത്തിലും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പദ്ധതിയിലും സംഭവിച്ചിട്ടുള്ള വീഴ്ചകൾ ഖണ്ഡിക 3-11, 3-12 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്താത്തതുമൂലം 370 പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ വിഷയത്തിൽ അവലോകനം നടത്താൻ ഈ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 29.3.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | | |
|---|---|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* | *കൂടുതൽ (%)* | *കുറവ് (%)* |
| മുന്നിരിപ്പ് | 8586773 | 25095545 | 16508772 | | 192.26 | |
| വരവ് | 205426205 | 85077366 | | 120348839 | | 58.58 |
| ആകെ | 214012978 | 110172911 | | 103840067 | | 48.52 |
| ചെലവ് | 194616550 | 90699427 | | 103917123 | | 46.6 |
| നീക്കിയിരിപ്പ് | 19396428 | 19473484 | 77056 | | 0.39 | |

മുന്നിരിപ്പ്,വരവ്,ചെലവ് തുകകളിൽ വളരെയധികം അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയും ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതി കണക്കുകൾ ഉൾപ്പെടുത്തി ബജറ്റ് പുതുക്കി 01-03-2018ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബഡ്ജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2017-18 | 31-07-2018 | 15-5-2018 |

വാർഷിക ധനകാര്യപത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1) വാർഷികധനകാര്യ പത്രികയോടൊപ്പം നോട്ട്സ് ഓൺ അക്കൗണ്ട്സ്, പ്രധാന അനുപാതങ്ങൾ എന്നിവ സമർപ്പിച്ചിട്ടില്ല.

(2) വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

(3) കേന്ദ്ര ഫണ്ട്-റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

(4) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി-പ്രതിമാസ വരവ് ചെലവ് സമർപ്പിച്ച തീയതി തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 25095545 |
| വരവ് | 85077366 |
| ആകെ | 110172911 |
| ചെലവ് | 90699427 |
| നീക്കിയിരിപ്പ് | 19473484 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | 2017-18 വർഷത്തെ ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15836792 | 15836792 | 12071770 | 3765022 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7558516 | 7558516 | 5116813 | 2441703 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10381212 | 10381212 | 4520174 | 5861038 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 24000 | 24000 | 0 | 24000 |
| ലോകബാങ്ക് സഹായം | 0 | 3893702 | 3893702 | 3584201 | 309501 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 37090170 | 37090170 | 16646775 | 20443395 |
| സംരക്ഷണ ഗ്രാന്റ് | 0 | 5853372 | 5853372 | 2324887 | 3528485 |

| | | | | | |
|---|---|---|---|---|---|
| -റോഡിതരം | | | | | |
| ബി ഫണ്ട് | 0 | 55773680 | 55773680 | 55773680 | 0 |
| എസ്.ബി.ഐ. വസ്തു നികുതി- ഇ പെയ്മെന്റ് | 0 | | | | 58652 |
| തനത് ഫണ്ട് - അക്കൗണ്ട് ബാങ്ക് | 12895010 | | | | 13762282 |
| ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് | 5276261 | | | | 799281 |
| ജലനിധി- എസ്.ബി.ഐ | 1433921 | 53411 | 1487332 | 0 | 1487332 |
| എസ്.എസ്.എ- എസ്.ബി.ഐ | 584102 | 21757 | 605859 | 0 | 605859 |
| എൻ.ആർ.ഇ.ജി.എസ്- എസ്.ബി.ഐ | 1823 | 1006397 | 1008160 | 1006859 | 1301 |
| സാക്ഷരത- കോ ഓപ്പറേറ്റാവ് ബാങ്ക് | 1000 | 40 | 1040 | 0 | 1040 |
| വെസ്റ്റേൺ ഗാട്ട്- കോ ഓപ്പറേറ്റാവ് ബാങ്ക് | 272 | 0 | 272 | 0 | 272 |
| ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി- സംയുക്ത പ്രോജക്ട് | 4902695 | | | | 1019743 |

## 1-5 പദ്ധതി അവലോകന വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 295 | 104636314 | 197 | 51495801 | 101 | 60.33 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 19 | 8643237 | 18 | 4033883 | 46.67 |
| സേവനം | 71 | 38378522 | 48 | 20077536 | 52.31 |
| പശ്ചാത്തലം | 205 | 57614555 | 121 | 27384382 | 47.53 |
| ആകെ | 295 | 104636314 | 197 | 51495801 | 49.21 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 9782718 | 11456816 | 1674098 |
| നികുതിയേതര | 845757 | 872067 | 26310 |

| | | | |
|---|---|---|---|
| വരവുകൾ | | | |
| മറ്റ് വരവുകൾ | 1304747 | 2221232 | 916485 |
| ആകെ | 11933222 | 14550115 | 2616893 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 210 | 3659700 |
| വിധവാ പെൻഷൻ | 941 | 11862600 |
| വാർദ്ധക്യകാല പെൻഷൻ | 2485 | 35685600 |
| വികലാംഗ പെൻഷൻ | 353 | 4249000 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 386300 |
| തൊഴിൽ രഹിത വേതനം | 62 | 30480 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-07-2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 88907 (എൺപത്തെണ്ണായിരത്തി തൊള്ളായിരത്തി ഏഴ് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രവർത്തനം

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിലൂന്നി നിയതവും നീതിപൂർവ്വവുമായ പ്രക്രിയയിലൂടെ പദ്ധതിരൂപീകരണം സാദ്ധ്യമാക്കേണ്ടതാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും തയ്യാറാക്കുന്ന പദ്ധതികൾ ചേർന്നതാണ് സംസ്ഥാന പദ്ധതി. അതുകൊണ്ടുതന്നെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമതകൂടി അനുസരിച്ചായിരിക്കും സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാകുക. പ്രാദേശികസർക്കാർ എന്ന നിലയിൽ പ്രാദേശികമായ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കൃഷി, വ്യവസായം, സേവനം പശ്ചാത്തലം എന്നീ സമസ്തമേഖലകളിലെയും സമഗ്രമായ വികസനം ലക്ഷ്യമാക്കി സ്വയം പര്യാപ്തമായ ഒരു ജനസമൂഹത്തെ വാർത്തെടുക്കുക എന്ന പരമമായ ലക്ഷ്യം ഉന്നം വച്ചുകൊണ്ട് സ്റ്റാന്റിങ്ങ് കമ്മിറ്റികൾ പദ്ധതികൾക്ക് അന്തിമരൂപം നൽകേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശുപാർശയോടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിർവഹണപദ്ധതി പ്രകാരം പ്രൊജക്റ്റ് നിർവഹണം നടത്താൻ ഭരണസമിതി നിർദ്ദേശം നൽകേണ്ടതും നിർവഹണോദ്യോഗസ്ഥർ അത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി

കോന്നി ഗവ.സ്കൂൾ പാചകപ്പുര നിർമാണം, സ്മാർട്ട്ക്ലാസ്റ്റും നിർമാണം, പയ്യാമൺ സ്കൂൾ ലാബ് നിർമാണം, ബഡ്സ് സ്കൂളിനു വസ്തുവാങ്ങൽ/കെട്ടിട നിർമാണം,ഷീടോയ്ലെറ്റ് നിർമാണം, കൈതക്കുന്ന് സ്കൂൾ ചുറ്റുമതിൽ നിർമാണം എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നിർദ്ദേശിക്കപ്പെട്ടു എങ്കിലും പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളിക്കോപ്പുകൾ, തുല്യതാ പദ്ധതി, പട്ടികജാതിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനൽകൽ, സൈക്കിൾ വിതരണം, വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങിനൽകൽ എന്നിങ്ങനെയുള്ള പ്രവർത്തികൾ മാത്രമാണ് ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളത്.

ആരോഗ്യ മേഖലയിൽ മഴക്കാലപൂർവശുചീകരണം, പി.എച്ച് സെന്ററിന് വാട്ടർ കണക്ഷൻ, വയോജനങ്ങൾ, കൗമാരകുട്ടികൾ എന്നിവർക്ക് പോഷകാഹാരം,പകർച്ചവ്യാധി നിയന്ത്രണക്യാമ്പ് എന്നിങ്ങനെ നിരവധി പ്രൊജക്റ്റുകൾ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നിർദ്ദേശിക്കപ്പെട്ടു എങ്കിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ സാന്ത്വനപരിചരണം സംബന്ധിച്ചുള്ള പ്രൊജക്റ്റ് മാത്രമാണ് പ്രധാന്യമായി നടപ്പിലാക്കപ്പെട്ടിട്ടുള്ളത്. പാലിയേറ്റീവ് നേഴ്സിന്റെ നേതൃത്വത്തിലുള്ള ടീം ഭവനങ്ങൾ സന്ദർശിച്ച് വൈദ്യസഹായം നൽകി വരുന്നു. 116 കിടപ്പുരോഗികൾക്ക് സാന്ത്വന സഹായം നേടുന്നതായി ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

മാലിന്യ സംസ്കരണത്തിനായി കോന്നി നാരായണപുരം മാർക്കറ്റിൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ വളമാക്കി മാറ്റി കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഓഡിറ്റ് വർഷം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 12പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും ക്ഷീരവികസനവും, ചെറുകിട വ്യവസായം, പൊതുമരാമത്ത്, എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു.

പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഖരമാലിന്യം ശേഖരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഹരിതസേന രൂപികരിക്കുകയും ശേഖരിക്കുന്ന ഖരമാലിന്യം സംസ്കരണത്തിനുവേണ്ടി എയറോബിക് കംബോസ്റ്റ് യൂണിറ്റ് ആരംഭിക്കുകയുംചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ 6പ്രോജക്ടുകൾ നടപ്പിലാക്കി ഇതിൽ നെൽ കൃഷി വികസനത്തിനും,പച്ചക്കറികൃഷിവികസനത്തിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ കാർഷികമേഖലയ്ക്ക് ഉത്തേജനംനൽകുന്നതാണ്.മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ 6 പദ്ധതികൾ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി

പൊതുമരാമത്ത് മേഖലയിൽ വികലമായ വികസന കാഴ്ച്ചപ്പാടാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ച്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. യഥാസമയം പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങാതിരുന്നതിനാൽ പ്രധാനപ്പെട്ട പല പദ്ധതികളും നടപ്പാക്കാനായില്ല

ചെറുകിട വ്യവസായമേഖലയിൽ പദ്ധതികൾ അവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്

<u>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ പ്രക്രിയകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഓരോ മേഖലകളിൽ ആസൂത്രണം സുഗമമാക്കുന്നതിനും വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ 4 വർക്കിംഗ് ഗ്രൂപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കേണ്ടത്. ഇവ താഴെ പറയുന്നു.

1. ദാരിദ്ര്യ ലഘൂകരണം

2. കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ, സാമൂഹ്യ സുരക്ഷാ മിഷൻ.

3. വനിതാ വികസനം

4. പട്ടികജാതി, പട്ടികവർഗ്ഗം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന മീറ്റിംഗുകളിലെ പ്രധാന നടപടി വിവിധ പെൻഷനുകൾക്ക് ശുപാർശ ചെയ്യുക എന്നതാണ്. വാർദ്ധക്യകാല പെൻഷനു മാത്രമായി 565 പേരെയാണ് തൻവർഷം ശുപാർശ ചെയ്തിട്ടുള്ളത്.

<u>സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംബന്ധിച്ച അവലോകനം.</u>

15.02.2017 ലെ മൂന്നാം തീരുമാനമായി 2017-18 ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ചു. ഇവയിൽ പല നിർദ്ദേശങ്ങളും നടപ്പായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർദ്ദേശം അവതരിപ്പിച്ച ഉദ്യോഗസ്ഥൻ | പ്രധാന നിർദ്ദേശങ്ങൾ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കുടുംബശ്രീ ചെയർപേഴ്സൺ | ദിശ 2017 പദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കണം | വിവരം ലഭ്യമല്ല. |
| 2 | | ബഡ്സ് റീഹാബിലിറ്റേഷൻ സ്കൂളിന് 15 ലക്ഷം രൂപയ്ക്കായി കുടുംബശ്രീയുമായി ബന്ധപ്പെടണം | സ്കൂളിന്റെ നിർമ്മാണത്തിനായി തുക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 3 | | കോന്നി ആനക്കൂട് കേന്ദ്രീകരിച്ച് കഫേ കുടുംബശ്രീ നടത്തണം | നടപ്പായില്ല. |
| 4 | | ഷീ ഓട്ടോ പദ്ധതി ജനറൽ/SC വിഭാഗത്തിനു നടപ്പാക്കണം | നടപ്പായില്ല. |
| 5 | | ബാലസഭയിലുള്ളവർക്ക് പഠനയാത്ര നടത്തണം | നടപ്പായി. |

| | | | |
|---|---|---|---|
| 6 | | ബാല പാർലമെന്റ് നടത്തണം | വിവരം ലഭ്യമല്ല. |

ICDS സൂപ്പർവൈസർ തന്റെ പരിധിയിലുള്ള വിവിധ അങ്കണവാടികളുടെ നിലവിലെ പ്രശ്നങ്ങളും ആവശ്യകതയും അവതരിപ്പിച്ചു. അവ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അങ്കണവാടിയുടെ നമ്പർ | വാർഡ് നമ്പർ | ആവശ്യപ്പെട്ടത് |
|---|---|---|---|
| | 36 | 18 | സിറ്റൗട്ടിന് ഗ്രിൽ, ചുറ്റുമതിലിന്റെ വശം കെട്ടണം, പെയിന്റിംഗ് |
| | 37 | 17 | ചുറ്റുമതിൽ, കൈവരി, ടോയ്‌ലെറ്റ് |
| | 38 | 11 | മുറ്റം ഇന്റർലോക്ക്, മെയിന്റനൻസ് |
| | 39 | 11 | പെയിന്റിംഗ് |
| | 40 | 11 | ചുറ്റുമതിൽ, ഗ്രിൽ, അടുപ്പ് |
| | 43 | 15 | ചുറ്റുമതിൽ, മെയിന്റനൻസ് |
| | 44 | 15 | മെയിന്റനൻസ്, പെയിന്റിംഗ് |
| | 49 | 10 | പെയിന്റിംഗ് |
| | 50 | 10 | മുറ്റം ഇന്റർലോക്ക്,മെയിന്റനൻസ് |
| | 52 | 8 | കറണ്ട്, വെള്ളം |
| | 53 | 9 | മെയിന്റനൻസ്, പെയിന്റിംഗ്,ടൈൽ |
| | 54 | 8 | കൈവരി,ഗ്രിൽ,ഗേറ്റ് |
| | 55 | 5 | സേവാഗ്രാം കെട്ടിടത്തിന് സീലിംഗ്,<br>മെയിന്റനൻസ്. |
| | 57 | 5 | മെയിന്റനൻസ്, പെയിന്റിംഗ്, ചുറ്റുമതിൽ |
| | 58 | 6 | ഗ്രിൽ,ചുറ്റുമതിൽ,കതക് |
| | 59 | 6 | കെട്ടിടം പൊളിച്ചുപണിയണം |
| | 60 | 7 | മുറ്റം ഇന്റർലോക്ക്, അടുക്കള, സ്റ്റോർ |
| | 61 | 2 | മെയിന്റനൻസ് |
| | 64 | 2 | അടുക്കള. |
| | 65 | 1 | കുടിവെള്ളം |
| | 66 | 1 | പെയിന്റിംഗ് |
| | 68 | 9 | ചുറ്റുമതിൽ |
| | 69 | 4 | ചുറ്റുമതിൽ,കൈവരി,ടൈൽ,അടുക്കള |
| | 71 | 7 | സ്ഥലം ഉണ്ട്. കെട്ടിടം പണിയണം |
| | 56 | 5 | തറ കെട്ടിയിട്ടുണ്ട്. കെട്ടിടം പണിയണം |

ഇതിൽ നിന്നും മേൽ പറയുന്ന അങ്കണവാടികളിൽ വിവിധങ്ങളായ പ്രശ്നങ്ങൾ നിലവിലുള്ളതായി ബോദ്ധ്യമായിട്ടുണ്ട്. തൻ വർഷത്തെ പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രൊജക്ട് നമ്പർ:122,123) സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് വൈദ്യുതി,കുടിവെള്ള കണക്ഷൻ എന്നിവയ്ക്കായി യഥാക്രമം 8656,1.5ലക്ഷം എന്നിവ ചെലവഴിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത 71-ാം നമ്പർ അങ്കണവാടിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 70000 രൂപ (പ്രൊജക്ട് നമ്പർ:277) തൻവർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

മച്ചിക്കാട് 54ാം നമ്പർ അങ്കണവാടിയ്ക്കും മാമൂട് 37-ാം നമ്പർ അങ്കണവാടിയുടേയും പുനരുദ്ധാരണത്തിനുമായി 31844,2.75 ലക്ഷം എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി വച്ച് ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നമ്പർ:78,79) ചേരിമുക്ക് 44-ാം നമ്പർ അങ്കണവാടിയുടെ പുനരുദ്ധാരണത്തിനായി 1.60 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നമ്പർ:114).

ഞള്ളൂർ 58-ാം നമ്പർ അങ്കണവാടിയുടെ പുനരുദ്ധാരണത്തിനായി 2.95 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നമ്പർ:115). ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഇത്തരത്തിൽ പ്രശംസനീയമാണ്. എന്നാൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി മറ്റു അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ കൂടി പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

നികുതി, നികുതിയേതര വരവിനങ്ങളുടെ ഡിമാന്റിന്റെയും കളക്ഷന്റെയും കൃത്യത ഉറപ്പുവരുത്തുക, പ്രതിമാസ വരവ്-ചെലവ് കണക്കുകളുടെ പരിശോധനയും അംഗീകരിക്കലും, ബഡ്ജറ്റ് തയ്യാറാക്കൽ, പുതിയ നികുതി വരുമാനങ്ങൾ കണ്ടെത്തൽ, ധനമാനേജ്മെന്റിന്റെ ചുമതല എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ പ്രധാന കർത്തവ്യങ്ങളാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 10 യോഗങ്ങളാണ് ചേർന്നത്. വസ്തു നികുതി പിരിവിന്റെ കാര്യത്തിൽ കാര്യക്ഷമമായ തീരുമാനങ്ങളെടുക്കുന്നതിനും നടപ്പാക്കുന്നതിനും ടി സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് കഴിഞ്ഞതുമൂലമാണ് 1.25 കോടിയോളം രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞത്. എന്നാൽ നികുതി നിർണ്ണയത്തിലെ പിഴവ് മൂലമുണ്ടാകുന്ന ധനനഷ്ടം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച പരാമർശങ്ങൾ റിപ്പോർട്ടിന്റെ ഭാഗം-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഖണ്ഡിക 2-1, 2-2, 2-3)

പുതിയ നികുതി നിർദ്ദേശങ്ങൾ കണ്ടെത്താൻ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. ആധുനിക മത്സ്യചന്ത പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതും EMS ഭവന പദ്ധതി-വായ്പ വിഷയത്തിൽ യുക്തമായ തീരുമാനങ്ങളെടുക്കേണ്ടതുമാണ്.

വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയെ സംബന്ധിച്ച് വിശദമായ അന്വേഷണവും തുടർ നടപടികളും ഉണ്ടാവണം. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വൻതോതിൽ തനതുഫണ്ട് നഷ്ടപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.2018മുതൽ 23.6.2018വരെ | ഏപ്രിൽ2018 മെയ്2018 | 23.6.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2014 മുതൽ 21.3.2014 വരെ | 2008-09മുതൽ 2012-2013വരെ | 16-05-2014 |

## 1-12 ഓഡിറ്റ് ഇംപാക്റ്റ് :

ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ കുറവു ചെയ്യാത്തതു ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് 76017 രൂപ കരാറുകാർ ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചു.

A) മാഞ്ഞൂർ പാലം കാഞ്ഞിക്കുളത്ത് റോഡ് പുനരുദ്ധാരണം

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 285/17-18, മാഞ്ഞൂർ പാലം കാഞ്ഞിക്കുളത്ത് റോഡ് പുനരുദ്ധാരണം (വാർഡ്-12). |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| അടങ്കൽ | ₹300000 |
| ബിൽ തുക, ബിൽ നമ്പർ | ₹271044, 294/12.03.2018 |
| കരാറുകാരന്റെ പേര് | മുഹമ്മദ് അനീസ്,പുളിക്കപതാലിൽ വീട്,മങ്ങാരം. |
| എം ബുക്ക് നമ്പർ | 38/AE/KGP/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മാഞ്ഞൂർ പാലം കാഞ്ഞിക്കുളത്ത് റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി 19.08.2017 ൽ ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് ശ്രീ.

മുഹമ്മദ് അനീസ് എന്ന കരാറുകാരൻ 12.09.2017 ൽ 12% എസ്റ്റിമേറ്റ് റേറ്റിൽ കുറവായി (Percentage BoQ) ടെണ്ടർ ക്വോട്ട് ചെയ്തിരുന്നു. G. അനിൽ കുമാർ എന്ന രണ്ടാമത്തെ കരാറുകാരനെക്കാൾ ടെണ്ടർ കുറവ് (10% Below) ശ്രീ. മുഹമ്മദ് അനീസ് ക്വോട്ട് ചെയ്തതിനാൽ ടിയാന് വർക്ക് നൽകുകയും 17.10.2017-ൽ 12% എസ്റ്റിമേറ്റിൽ കുറവിനു പ്രവൃത്തി നൽകുന്നതിന് Selection Notice അയച്ചിരുന്നു. ടി പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രവൃത്തി മൂല്യത്തിൽ നിന്നും (₹271044) 12% ടെണ്ടർ കുറവു ചെയ്യാതെയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ 12% കുറവു ചെയ്യേണ്ട തുകയായ ₹32525 രൂപ കരാറുകാരന് അധികമായി നൽകി. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം:21/2018 തീയതി 25.07.2018) നൽകിയതിനെത്തുടർന്ന് ₹32525 രൂപ 27.07.2018-ൽ രസീത് നമ്പർ 118020103625 പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരികെ അടവാക്കി.

B) ടെണ്ടർ കുറവ് തെറ്റായി ഫൈനൽ ബില്ലിൽ കുറവു ചെയ്തു.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 180/17-18, DFO ഓഫീസ് വള്ളാട്ട്പടി ഐറിഷ് ഓട, റോഡ് പുനരുദ്ധാരണം (വാർഡ്-17). |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| അടങ്കൽ | ₹300000 |
| ബിൽ തുക,ബിൽ നമ്പർ | ₹271804, 309/17.03.2018 |
| കരാറുകാരന്റെ പേര് | ഷിജു.കെ.വർഗീസ്,കടയ്ക്കൽ പുത്തൻവീട്,<br>പയ്യനാമൺ |
| എം ബുക്ക് നമ്പർ | 42/AE/KGP/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

DFO ഓഫീസ് വള്ളാട്ട്പടി ഐറിഷ് ഓട, റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി 19.08.2017 ൽ ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് ശ്രീ.ഷിജു.കെ വർഗീസ് എന്ന കരാറുകാരൻ 18.09.2017 ൽ 16.1 % എസ്റ്റിമേറ്റ് റേറ്റിൽ കുറവായി (Percentage BoQ) ടെണ്ടർ ക്വോട്ട് ചെയ്തിരുന്നു.മറ്റു കരാറുകാരെക്കാൾ ടെണ്ടർ കുറവ് ശ്രീ.ഷിജു.കെ വർഗീസ് ക്വോട്ട് ചെയ്തതിനാൽ ടിയാന് വർക്ക് നൽകി. ടി പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രവൃത്തി മൂല്യത്തിൽ നിന്നും (₹271831) 16.1% ടെണ്ടർ കുറവു ചെയ്യാതെ 0.1% മാത്രം (₹27) കുറവു ചെയ്ത് കരാറുകാരന് ഫൈനൽ ബിൽ നൽകിയെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ 16% കുറവു ചെയ്യേണ്ട (16.1-0.1) തുകയായ ₹43492 രൂപ കരാറുകാരന് അധികമായി നൽകി. തുക അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം:22/2018 തീയതി 25.07.2018) നൽകിയതിനെത്തുടർന്ന് ₹43492 രൂപ 27.07.2018 ൽ രസീത് നമ്പർ 118020103626 പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരികെ അടവാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതിയിനത്തിൽ 1.25 കോടി രൂപ പിരിച്ചെടുത്ത നടപടി ശ്ലാഘനീയം

2017-18 സാമ്പത്തിക വർഷത്തിൽ വസ്തുനികുതിയിനത്തിൽ (സർവ്വീസ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ) 12588371രൂപ പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തിന്റെ നടപടി ശ്ലാഘനീയമാണ്. ഡിമാന്റ് തുകയുടെ 82 ശതമാനത്തിലധികം തുകയാണ് പിരിച്ചെടുത്തത്. 3858451 രൂപയാണ് വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളാണ് ഉള്ളത്. ഇതിൽ ബി.എസ്.എൻ.എൽ -ന്റെ രണ്ട് മൊബൈൽ ടവറുകൾ ഒഴികെ ബാക്കി 6 ടവറുകളുടെയും വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുത്തു. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 4 അൺ എയ്ഡഡ് കോളേജുകളുടെയും നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിഞ്ഞു. സർക്കാർ സ്ഥാപനങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രസ്തുത സ്ഥാപനങ്ങൾക്കെല്ലാം ഡിമാന്റ് നോട്ടീസ് നൽകി. മൈനിംഗ് & ജിയോളജി ഓഫീസ്, ഫയർ & റെസ്ക്യൂ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ വസ്തുനികുതി അടവാക്കിയത് നല്ലൊരു തുടക്കമായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തുനികുതി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ പല നടപടികളും സ്വീകരിച്ചു. ക്യാമ്പ് കളക്ഷൻ, കൂടുതൽ കുടിശ്ശികയുള്ള വാർഡുകളിൽ ജനപ്രതിനിധികളുടെ സഹായം എന്നിങ്ങനെയുള്ള നടപടികൾ പ്രാഥമികമായി സ്വീകരിച്ചു. 8-11-2017-ലെ തീരുമാന പ്രകാരം ടൗൺ വാർഡിലെ കുടിശ്ശിക തുക പിരിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിനും ഏതെങ്കിലും രണ്ട് വാർഡുകളിൽ 100% തുക പിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു. 27-01-2018-ലെ തീരുമാന പ്രകാരം വലിയ നികുതികൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക സ്ക്വാഡിന് രൂപം നൽകി. ഇപ്രകാരമുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഫലം കണ്ടുവെന്നാണ് കളക്ഷൻ വ്യക്തമാക്കുന്നത്. ആകെയുള്ള 18 വാർഡുകളിൽ പകുതി വാർഡുകളിലും ഇനി പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ഒരു ലക്ഷം

രൂപയിൽ താഴെ മാത്രമാണ്. ഭൂരിഭാഗവും വ്യാപാരസ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉൾപ്പെട്ട 16-ാം വാർഡിൽ 60% -ത്തിൽ കൂടുതൽ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കൊപ്പം സെക്രട്ടറി, സൂപ്രണ്ട്, കളക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ പ്രവർത്തനങ്ങൾ മൂലമാണ് പ്രസ്തുത നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ മറ്റു ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതാണ്.

നടപ്പുവർഷത്തെ ഡിമാന്റ് തുകയോടൊപ്പം 20%-ത്തിൽ താഴെ മാത്രമാണ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. പ്രസ്തുത തുക 2018-19 സാമ്പത്തിക വർഷം പിരിച്ചെടുക്കുന്നതിന് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും കൂട്ടായ പ്രവർത്തനം തുടരേണ്ടതുണ്ട്. കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും തനത് ഫണ്ട് വരുമാനം വർദ്ധിപ്പിച്ച് നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 വാണിജ്യാവശ്യത്തനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്ന ശ്രദ്ധയിൽപ്പെട്ടു.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (20-12-2011-ലെ 2-ാം നമ്പർ തീരുമാനം). വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 45രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | കെ.ജി കൃഷ്ണകുമാർ കുമാര സദനം മാരൂർപ്പാലം | 17/580A | $24.5m^2$ | 24.5x45=1102.5+ 220.5 (20 %Road) = 1323 | 24.5x60=1470+ 294(20 %Road) = 1764 | 441 |
|  | ,, | 17/580B | $23.5m^2$ | 23.5x45=1057.5+ 211.5 (20 %Road) = 1269 | 23.5x60=1410+ 282(20 %Road) = 1692 | 423 |
|  | ,, | 17/580C | $19m^2$ | 19x45=855+ 171 (20 %Road) = 1026 | 19x60=1140+ 228(20 %Road) = 1368 | 342 |
|  | ,, | 17/580D | $67m^2$ | 67x45=3015+ 603 (20 %Road) | 67x60=4020+ 804(20 %Road) | 1206 |

| | | | | | | |
|---|---|---|---|---|---|---|
| | | | | = 3618 | = 4824 | |
| | ആകെ | | 134 $m^2$ | 7236 | 9648 | 2412 |
| 2 | സുലോചനാ ദേവി<br>കാളഞ്ചിര ഹൗസ്<br>എലിയറയ്ക്കൽ | 12/508A | 34.03 $m^2$ | 34.03x45=1531+<br>306 (20 %Road)<br>= 1837 | 34.03x60=2042+<br>408(20 %Road)<br>= 2450 | 613 |
| | ,, | 17/580D | 66.76 $m^2$ | 66.76x45=3004+<br>601(20 %Road)<br>= 3605 | 66.76x60=4006+<br>801(20 %Road)<br>= 4807 | 1202 |
| | ആകെ | | 100.79 $m^2$ | 5442 | 7257 | 1815 |
| 3. | താരാ.ജി.പിള്ള<br>പുതുമന വിജയ ഭവൻ<br>മങ്ങാരം | 17/729S | 45.01 $m^2$ | 45.01x45=2025+<br>405 (20 %Road)<br>= 2430 | 45.01x60=2701+<br>540(20 %Road)<br>= 3241 | 811 |
| | | 17/729T | 45.01 $m^2$ | 45.01x45=2025+<br>405 (20 %Road)<br>= 2430 | 45.01x60=2701+<br>540(20 %Road)<br>= 3241 | 811 |
| | | 17/729U | 43.88 $m^2$ | 43.88x45=1975+<br>395 (20 %Road)<br>= 2370 | 43.88x60=2633+<br>527(20 %Road)<br>= 3160 | 790 |
| | | 17/729V | 49.39 $m^2$ | 49.39x45=2223+<br>445(20 %Road)<br>= 2668 | 49.39x60=2963+<br>593(20 %Road)<br>= 3556 | 888 |
| | | 17/729W | 38.24 $m^2$ | 38.24x45=1721+<br>344(20 %Road)<br>= 2065 | 38.24x60=2294+<br>459(20 %Road)<br>= 2753 | 688 |
| | | 17/729Z | 46.28 $m^2$ | 46.28x45=2083+<br>417(20 %Road)<br>= 2500 | 46.28x60=2777+<br>555(20 %Road)<br>= 3332 | 832 |
| | ആകെ | | 267.81 $m^2$ | 14463 | 19283 | 4820 |
| 4 | ഫിലിപ്പ് എബ്രഹാം<br>കളത്തുങ്കൽ<br>പയ്യനാമൺ | 8/198B | 59.74 $m^2$ | 59.74x45=2688+<br>538(20 %Road)-<br>269 (Region)<br>= 2957 | 59.74x60=3584+<br>717(20 %Road)-<br>358(Region)<br>= 3943 | 986 |
| | | 8/198 C | 55.12 $m^2$ | 55.12x45=2480+<br>496(20 %Road)-<br>248 (Region)<br>= 2728 | 55.12x60=3307+<br>661(20 %Road)-<br>331(Region)<br>= 3637 | 909 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 114.86 $m^2$ | 5685 | 7580 | 1895 |
| | | | | G-Total | 10942 |

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-30/27-07-2018) നൽകിയതിന് മറുപടിയായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം തക്കതായ കാരണങ്ങളായ വൈദ്യുതി കണക്ഷൻ, വെവ്വേറെ വ്യക്തികൾക്ക് വാടകയ്ക്ക് നൽകൽ എന്നിവയ്ക്കായി കെട്ടിടത്തിന്റെ കടമുറികളെ വെവ്വേറെയായി കണക്കാക്കി ഓരോ കടമുറികൾക്കും അതാതിന്റെ തറവിസ്തീർണ്ണത്തിനുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പ്രകാരം നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ചട്ടം 3(5) പ്രകാരം വ്യത്യസ്ത ഉപയോഗക്രമമാണെങ്കിലാണ് നികുതി വ്യത്യസ്തമായി നിശ്ചയിക്കേണ്ടത്. ആയതിനാൽ ഗ്രാമപ്പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ സാധിക്കുന്നതല്ല. വൈദ്യുതി കണക്ഷൻ, വെവ്വേറെ വ്യക്തികൾക്ക് വാടകയ്ക്ക് നൽകൽ എന്നിവയ്ക്കായി കെട്ടിടത്തിന്റെ കടമുറികളെ വെവ്വേറെയായി കണക്കാക്കി നമ്പർ നൽകാമെങ്കിലും ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വേണം വസ്തുനികുതി നിർണ്ണയിക്കേണ്ടത്.

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം അടിയന്തിരമായി പുനർ നിർണ്ണയിക്കേണ്ടതും വരവ് നഷ്ടം പൂർണ്ണമായും ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും ഭാവിയിൽ ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ചട്ടം3(5) പ്രകാരം പ്രകാരം നിർണ്ണയിച്ച് നികുതി ഈടാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർ മോണിറ്ററിംഗും വസ്തുനികുതി നിർണ്ണയത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 2-3 വസ്തുനികുതി ശരിയായി നിർണ്ണയിച്ചില്ല- 32000 രൂപയുടെ നഷ്ടം

ശ്രീ പി.എസ്.അഷറഫ്, അൽ- അമീൻ മൻസിൽ, വെട്ടിപ്പുറം, പത്തനംതിട്ട എന്നയാളുടെ ഉടമസ്ഥതയിലുള്ള 1452.3 ച.മീ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റിനുള്ള കെട്ടിടത്തിന് 24-09-2016-ലെ പെർമിറ്റ് നം- A1-7471/103/16-17 പ്രകാരം പെർമിറ്റ് നൽകി. കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിന് നമ്പരിട്ട് നൽകി. പുതിയ വസ്തുനികുതി പരിഷ്കരണ ചട്ടങ്ങൾ പ്രകാരം 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയച്ചിരിക്കുന്ന അടിസ്ഥാന വസ്തുനകുതി നിരക്ക് 80 രൂപയാണ്. എന്നാൽ ടി കെട്ടിടത്തിന് അടിസ്ഥാന വസ്തുനികതി നിരക്ക് 60 രൂപ എന്ന് നിശ്ചയിച്ചാണ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിശ്ചയിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ(ച.മീറ്ററിന് 45രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| പി.എസ്.അഷറഫ്, അൽ- അമീൻ മൻസിൽ, വെട്ടിപ്പുറം, പത്തനംതിട്ട | 11/361A | 1452.3$m^2$ | 1452.3x60=87138 + 17428 (20 %Road) -8714(10% Roofing) = 95852 | 1452.3x80=116184 + 23237 (20 %Road) -11618(10% Roofing) = 127803 | 31951 |

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-23/26-07-2018) നൽകിയതിന് മറുപടിയായി എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത കെട്ടിടം 2011-ലെ കെട്ടിടനിർമ്മാണ ചട്ടങ്ങലിലെ ചട്ടം 34 ഉപചട്ടം 3 (ജി) പ്രകാരം ഗ്രൂപ്പ് എഫ് വിഭാഗത്തിൽപ്പെടുന്നതാണെന്നും സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർവ്വചനം ഇല്ലാത്തതാണെന്നുമാണ് അറിയിച്ചത്. എന്നാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ നമ്പർ 36/2011 പ്രകാരം ഒരു ച.മീ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് 70 രൂപ മുതൽ 90 രൂപ വരെയാണ്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് 80 രൂപയാണ്. പ്രസ്തുത വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല.

പ്രസ്തുത സാഹചര്യത്തിൽ 11/361A-ാം നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 80 രൂപ നിരക്കിൽ പുനർ നിർണ്ണയിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടം ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും തുടർ മോണിറ്ററിംഗ് വസ്തുനികുതി നിർണ്ണയത്തിൽ ഉണ്ടാകേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ക്വാറി/ക്രഷർ ലൈസൻസ്- അവശ്യമായ സർട്ടിഫിക്കറ്റുകളുടെ സുതാര്യത

ഉറപ്പുവരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 ക്വാറി, ക്രഷറുകളാണ് പ്രവർത്തിച്ച് വരുന്നത്. ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, എൻവയോൺമെന്റൽ ക്ലീയറൻസ്, എക്സ്പ്ലോസീവ് ലൈസൻസ്, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവയും ക്രഷറുകൾക്ക് ലൈസൻസ് നൽകുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവയുമാണ് ആവശ്യമായുള്ളത്. 2017-18 സാമ്പത്തിക വർഷം എട്ട് വീതം ക്വാറികൾക്കും ക്രഷറുകൾക്കുമാണ് ലൈസൻസ് പുതുക്കി നൽകിയത്. എന്നാൽ ലൈസൻസ് പുതുക്കി നൽകുമ്പോൾ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സുതാര്യത ഉറപ്പു വരുത്തുന്നില്ല.

ഓരോ സ്ഥാപനത്തിന്റെയും അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്നത് ആവശ്യമായ അനുമതികളുടെ പകർപ്പുകൾ മാത്രമാണ്. സാധാരണ ഡി & ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ പോലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എഴുതാറുണ്ട്. എന്നാൽ ക്വാറികളുടെയും ക്രഷറുകളുടെയും ലൈസൻസ് പുതുക്കി നൽകിയപ്പോൾ ഇപ്രകാരം അന്വോഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല. ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ ഫയൽ നോട്ട് മാത്രമാണ് കാണാൻ കഴിഞ്ഞത്. സെക്ഷൻ ക്ലർക്കോ, സെക്രട്ടറി എന്നിവരാരും ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് എഴുതുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ടി വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ക്വാറി/ ക്രഷർ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് യാതൊരു തീരുമാനവും കാണാൻ കഴിഞ്ഞില്ല.

പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള സാക്ഷ്യപത്രങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ അല്ലാത്തപക്ഷം യഥാർത്ഥ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓരോ സ്ഥാപനത്തിനും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് നൽകുമ്പോൾ വാർഡിന്റെ ചുമതലയുള്ള ക്ലർക്ക്, ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് എന്നിവരുടെ അന്വേഷണ റിപ്പോർട്ട് ഓരോ അപേക്ഷയിന്മേലും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുമാണ്.

## 2-5 ഡി ആന്റ് ഒ - അവശ്യ രേഖകളില്ലാതെ ലൈസൻസ് നൽകി

2017-18 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു-

| ക്രമനമ്പർ | പേര് | കച്ചവടയിനം | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | കെ.വി.മോഹനൻ | ഹോട്ടൽ | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 2 | രാജൻ രാമചന്ദ്രൻ | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 3 | ജോസ്.വി.എസ് | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 4 | കൃഷ്ണകുമാരി | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 5 | ജോണിക്കുട്ടി വി.എസ് | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6 | ബിജു. കെ.ബി | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 7 | ഉല്ലാസ് കുമാർ | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 8 | ഷംസുദ്ദീൻ | ചിക്കൻ സെന്റർ | (1) സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല (2) മലിനീകരണ ബോർഡ് അനുമതി ഇല്ല |
| 9 | അജി ജോർജ്ജ് | വെൽഡിംഗ് വർക്ക്ഷോപ്പ് | മലിനീകരണ ബോർഡ് അനുമതി ഇല്ല |
| 10 | സതീഷ്.എസ് | ഫർണീച്ചർ | വനം വകുപ്പിന്റെ അനുമതി |
| 11 | ഡോ.ജോജി ജോഷ്വാ ഫിലിപ്പോസ് | ഹോസ്പിറ്റൽ | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |

| | | | |
|---|---|---|---|
| 12 | വിജയ പ്രകാശ് | ചിക്കൻ സെന്റർ | (1) സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 13 | സുഭാഷ് | ഹോട്ടൽ | (1) സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല<br>(2) ജിവനക്കരുടെ മെഡിക്കൽസർട്ടിഫിക്കറ്റ് |
| 14 | ബെന്നി ഡാനിയൽ | ഫ്ളവർ മിൽ | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 15 | ഡോ.അജിത്ത് ജോയി | ലാബ് | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 16 | സിജോ മാമൻ | പൗൾട്രി ഫാം | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 17 | സുരേഷ് റ്റി.എം | ഹോട്ടൽ | മലിനീകരണ ബോർഡ് അനുമതി ഇല്ല |
| 18 | ലൈല ബീവി | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 19 | ജോസ് എം.ഡി | ഹോട്ടൽ | (1) മലിനീകരണ ബോർഡ് അനുമതി ഇല്ല<br>(2) സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല<br>(3) ജിവനക്കരുടെ മെഡിക്കൽ<br>സർട്ടിഫിക്കറ്റ് |
| 20 | സന്തോഷ് ജോസ് | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 21 | രാധാകൃഷ്ണക്കുറുപ്പ് | പെട്രോൾ പമ്പ് | മലിനീകരണ നിയന്ത്രണ ബോർഡ്, ഫയ്ര & സേഫ്റ്റി ബോർഡിന്റെ സർട്ടിഫിക്കറ്റ് |

## 2-6 ആധുനിക മത്സ്യചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2.25 കോടി രൂപ ചെലവിട്ടാണ് കോന്നി നാരായണപുരം മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിച്ചത്. നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയ മത്സ്യമാർക്കറ്റിൽ 49 മത്സ്യസ്റ്റാളുകളാണ് ഉള്ളത്. ഇതിൽ 22 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകിയ ശേഷം ബാക്കിയുള്ള സ്റ്റാളുകളാണ് ലേലത്തിൽ നൽകിയത്. എന്നാൽ നിലവിൽ രണ്ട് വ്യാപാരികൾ മാത്രമാണ് സ്റ്റാളുകൾ ഉപയോഗിക്കുന്നത്. ബാക്കിയുള്ള വ്യാപാരികൾ ആധുനിക മത്സ്യചന്തയ്ക്ക് പുറത്ത് ടാർപോളിൻ കെട്ടി പഴയത് പോലെയാണ് കച്ചവടം നടത്തുന്നത്. തെരുവോരങ്ങളിലെ അനധികൃത കച്ചവടം മൂലം തങ്ങൾക്ക് വ്യാപാരം ഇല്ലാത്ത സാഹചര്യത്തിലാണ് വാടക കൊടുത്ത് വ്യാപാരികൾ സ്റ്റാൾ ഉപയോഗിക്കാത്തതെന്നാണ് ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ അറിയാൻ കഴിഞ്ഞത്. ഇത് മൂലം കോടികൾ മുടക്കി നിർമ്മിച്ച മത്സ്യചന്തയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതെ വരുന്നു. കൂടാതെ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് സംരക്ഷണ ചെലവുകൾ എന്നിവക്ക് ഗ്രാമപ്പഞ്ചായത്ത് തുക തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടി വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്.

ടി വിഷയം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച എല്ലാ നടപടികളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 18/2018 തീയതി 25-07-2018) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ തെരുവോരങ്ങളിലെ മത്സ്യക്കച്ചവടം നടത്തി വരുന്ന 10 പേർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും മത്സ്യവ്യാപാരം നിർത്തി വയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുള്ളതും അതിൽ 5 പേർ കച്ചവടം നിർത്തിയിട്ടുണ്ടെന്നും ബാക്കി 5 പേരുടെ അനധികൃത മത്സ്യക്കച്ചവടം നിർത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നെന്നുമാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വകയാർ, പൂവൻപാറ, അട്ടച്ചാക്കൽ, ചൈനാമുക്ക്, പയ്യനാമൺ എന്നീ സ്ഥലങ്ങളിൽ വൻതോതിൽ വൈകുന്നേരങ്ങളിൽ മത്സ്യവ്യാപാരം നടന്നുവരുന്നു. ഇത് മൂലം പൊതുജനങ്ങൾ മീൻ വാങ്ങാൻ കോന്നി മാർക്കറ്റിലേക്ക് എത്താത്ത ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

കോടികൾ മുടക്കി നിർമ്മിച്ച ആധുനിക മത്സ്യചന്ത ഉപയുക്തമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കർശന

നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ പ്രദേശങ്ങളിലെ അനധികൃത മത്സ്യവ്യാപാരം നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് അധികാരികളുടെ സഹായം തേടേണ്ടതും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തെരുവോരങ്ങളിൽ വ്യാപാരം നടത്തുന്നവരെയും ആധുനിക മത്സ്യചന്തയിലേക്ക് വ്യാപാരത്തിനായി എത്തിക്കുന്നതിനുള്ള ഒരു പരിശ്രമമാണ് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത്. തെരുവോരങ്ങളിലെ മത്സ്യവ്യാപാരം പൂർണ്ണമായും ഇല്ലാതാക്കി മത്സ്യവിൽപ്പന ആധുനിക മത്സ്യചന്ത മുഖേന മാത്രമാകണം. അല്ലാത്തപ്പക്ഷം ആധുനിക മൽസ്യചന്ത ഗ്രാമപഞ്ചായത്തിന് ഒരു ബാധ്യതയായി മാറും. വൃത്തിയുള്ള സാഹചര്യത്തിൽ മത്സ്യം വാങ്ങുന്നതിന് പൊതുജനങ്ങൾക്ക് ഉണ്ടായ അവസരം ഇല്ലാതാകുന്നത് ഒരു നല്ല ഭരണസമിതിയുടെ പ്രവർത്തനത്തിന് കളങ്കമാണ്.

## 2-7 തൊഴിൽ നികുതി അപാകതകൾ

(1) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും നിശ്ചിത നിരക്കിനേക്കാൾ കുറവ് നികുതിയാണ് ഈടാക്കിയിരിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | അടയ്ക്കേണ്ടത് | അടച്ചത് | കുറവ് |
|---|---|---|---|---|---|---|
| പോപ്പുലർ ഫൈനാൻസ് | ബിജി.വി | 2nd | 48000 | 450 | 300 | 150 |
| ഫെഡറൽ ബാങ്ക് | റേച്ചൽ സാമുവൽ | 2nd | 45720 | 450 | 300 | 150 |

(2) 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ അലങ്കാർ ഹൈപ്പർ മാർക്കറ്റ്, ന്യൂ പാരഡൈസ് ടെക്സ്റ്റയിൽസ്, ഷാജഹാൻ ടെക്സ്റ്റയിൽസ്, എസ്.എൻ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല. നികുതി കുടിശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച 1.91 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപ്പത്രിക പ്രകാരം വിവിധ ഗ്രാന്റിനങ്ങളിലായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, വിവിധ ഗവൺമെന്റ് ഏജൻസീസ് എന്നിവയിൽ നിന്നും ലഭിച്ച തുകയിൽ വൻതുക ചെലവഴിക്കാതെ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-4 പ്രകാരം നീക്കിബാക്കിയായുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു.

| ക്രമ നം | കോഡ് നം (AFS) | ഇനം | 31-03-2018-ലെ നീക്കിബാക്കി | 31-03-2017-ലെ നീക്കിബാക്കി |
|---|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme- ICDS | 795948 | 795948 |
| 2 | 320200301 | Grants, Funds& Contributions for Specific Purposes- Other than Devt.Fund & State Sponsor | 455843 | 0 |
| 3 | 320200307 | Grants, Funds& Contributions for Specific Purposes- Other than Devt.Fund & State Sponsor | 1998583 | 1998853 |
| 4 | 320300102 | Jalanidhi | 1487332 | 1487332 |
| 5 | 320300199 | Grants, Funds& Contributions for Specific Purposes- Other Government Agencies | 2022000 | 2022000 |
| 6 | 320700104 | Contribution for Joint Venture Projects- from Block Panchayats | 3000000 | 3000000 |
| 7 | 320700105 | Contribution for Joint Venture Projects- from District Panchayats | 1909901 | 1909901 |
| 8 | 320700204 | Contribution for Joint Venture Projects( for Revenue Exp)- from Block Panchayats | 3963135 | 1606300 |
| 9 | 320700304 | Contribution for Other Specific Purposes( for Capital Exp)- from Block Panchayats | 106911 | 106911 |

| | | | | |
|---|---|---|---|---|
| 10 | 320700404 | Contribution for Other Specific Purposes( for Revenue Exp)- from Block Panchayats | 427794 | 427794 |
| 11 | 320700405 | Contribution for Other Specific Purposes (for Revenue Exp)- from District Panchayats | 3026885 | 3026885 |
| | | ആകെ | 19194332 | |

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം-1:- ICDS ഇനത്തിലുള്ള തുകയാണ്. മുൻ വർഷത്തെ നീക്കിബാക്കി തുക തന്നെയാണ് ഈ വർഷത്തെ നീക്കിബാക്കി തുകയും. 795948 രൂപ എന്തിനത്തിൽ ലഭിച്ച തുകയാണെന്നോ തുക ചെലവഴിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2) ക്രമ നം-2:- കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ 14-09-2017-ൽ ലഭിച്ച തുകയാണ്. തുക സി.ഡി.എസിന് കൈമാറാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

3) ക്രമ നം-3:- 2017-18 വർഷം ട്രാൻസാക്ഷൻ ഇല്ല. 31-03-2017 വരെ ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ ലഭിച്ച 30 ലക്ഷം രൂപ വരവ് ചെയ്തിരുന്നത് ടി അക്കൗണ്ടിലായിരുന്നു. ലെഡ്ജറിൽ 20 ലക്ഷം രൂപ കോന്നി പി.ഡി.സി.ബി -യിലെ തനത് ഫണ്ട് അക്കൗണ്ടിലും 10 ലക്ഷം രൂപ ട്രഷറിയിലെ VPFA-1 അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. ടി ഗ്രാന്റ് ഉപയോഗിച്ച് ചെലവ് നടത്തിയെങ്കിലും ചെലവുകൾ പൂർണ്ണമായും പ്രസ്തുത അക്കൗണ്ട് പ്രകാരം അക്കൗണ്ട് ചെയ്തില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ശബരിമല സ്പെഷ്യൽ ഗ്രാന്റ് ലഭിച്ചതിന്റെ വിവരങ്ങൾ അക്കൗണ്ട് ചെയ്തത് ഏത് ഹെഡ്ഡ് പ്രകാരമാണെന്ന് വ്യക്തമല്ല.

4) ക്രമ നം 4- ജലനിധി പദ്ധതിക്കായി ലഭിച്ച തുകയാണ്. മുൻ വർഷത്തെ നീക്കിബാക്കി തുക തന്നെയാണ് ഈ വർഷത്തെ നീക്കിബാക്കി തുകയും. പദ്ധതി പൂർത്തീകരിച്ചുവെങ്കിലും അവശേഷിച്ച തുക തിരിച്ചടച്ചില്ല.

5) ക്രമ നം 5- മുൻ വർഷത്തെ നീക്കിബാക്കി തുക തന്നെയാണ് ഈ വർഷത്തെ നീക്കിബാക്കി തുകയും. ഏതിനത്തിലുള്ള തുകയെന്ന് വ്യക്തമല്ല.

6) ക്രമ നം 6- മുൻ വർഷത്തെ നീക്കിബാക്കി തുക തന്നെയാണ് ഈ വർഷത്തെ നീക്കിബാക്കി തുകയും. 30 ലക്ഷം രൂപ നീക്കി ബാക്കിയിൽ 20 ലക്ഷം രൂപ നാരായണപുരം മാർക്കറ്റിൽ സാനിറ്ററി കോംപ്ലക്സ് പണിയുന്നതിനായി 17-03-2017-ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ്. 10 ലക്ഷം രൂപ ഏതിനത്തിൽ ലഭിച്ച തുകയെന്ന് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിന്റെ ലെഡ്ജറിൽപ്പോലും രേഖപ്പെടുത്തിയിട്ടില്ല.

7) ക്രമ നം 7- 2016-17 സാമ്പത്തിക വർഷത്തിൽ 1009901 രൂപ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിനും, 900000 രൂപ അങ്കണവാടി നിർമ്മാണത്തിനുമായി ലഭിച്ച തുകയാണ് 2017-18 സാമ്പത്തിക വർഷവും ടി തുകകൾക്ക് ചെലവില്ല. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

8) ക്രമ നം 8- 1606300 രൂപ മുൻബാക്കിയാണ്. 929855 രൂപ 31-03-2018-ൽ രൂപ വരവും 3286690 രൂപ ചെലവും കാണിച്ചിരിക്കുന്നു. ഏതിനത്തിലുള്ള വരവ്, ചെലവ് എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ബോധ്യപ്പെട്ടിട്ടില്ല.

9) ക്രമ നം 9- 31-03-2015-നു ശേഷം ട്രാൻസാക്ഷൻ ഇല്ല. നീക്കി ബാക്കി തുക ഏതിനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

10) ക്രമ നം 10- 31-03-2017-ൽ മോസ് പിറ്റ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 427794 രൂപ ലഭിച്ചു. തുക ചെലവഴിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

11) ക്രമ നം 11- 31-03-2014-നു ശേഷം ട്രാൻസാക്ഷൻ ഇല്ല. ഏതിനത്തിലുള്ള ഫണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ക്രമ നം-1 മുതൽ 11 വരെയുള്ള അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16/24-07-2018) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം-2,4,5 എന്നീ അപാകകൾക്ക് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ബാക്കി അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം-2 :- കുടുംബശ്രീ ചലഞ്ച് ഫണ്ട് 09/07/2018-ൽ ചെക്ക് നം-6332 പ്രകാരം കുടുംബശ്രീക്ക് കൈമാറി

2) ക്രമ നം-4 :- ജലനിധി പദ്ധതിയിൽ അവശേഷിക്കുന്ന തുക മെയിന്റനൻസ് പ്രവൃത്തികൾക്കായി വിനിയോഗിക്കും.

3) ക്രമ നം-5 :- ടി അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ 20 ലക്ഷം രൂപ അറവുശാലാ നിർമ്മാണത്തിന് 2013-14 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ്. പ്രസ്തുത തുക തനത് ഫണ്ടിൽ നിക്ഷേപിച്ചു. ബാക്കി 22000 രൂപ വിമുക്തി പദ്ധതിക്കായി ലഭിച്ച 25000 രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്.

കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച തുക 10 മാസത്തിന് ശേഷമാണ് സി.ഡി.എസിന് കൈമാറിയത്. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ലഭിച്ച തുക യഥാസമയം കൈമാറാതിരുന്ന നടപടി ഒഴിവാക്കപ്പെടേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ജലനിധി പദ്ധതിക്കായി ലഭിച്ച തുക പദ്ധതിയിലെ പൈപ്പുകളുടെ മെയിന്റനൻസിനായി ഉപയോഗിക്കാമോയെന്ന് വ്യക്തമല്ല.

വിവിധ ഗ്രാന്റിനങ്ങളിലായി ചെലവഴിക്കാതെ അവശേഷിക്കുന്നത് 19194332 രൂപയാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിന്റെ

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ -RP-40(b) പ്രകാരം വിവിധ അക്കൗണ്ടുകളിലെ നീക്കിബാക്കി തുക 17615845 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ടിന്റെ വിവരങ്ങൾ | 31-03-2018-ലെ നീക്കിബാക്കി തുക |
|---|---|---|
| 1 | കോ ഓപ്പറേറ്റീവ് ബാങ്ക്- പി.ഡി.സി.ബി | 13703630 |
| 2 | ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് | 799281 |
| 3 | എസ്.ബി.ഐ, കോന്നി- ജലനിധി | 1487332 |
| 4 | എസ്.എസ്.എ- സ്പെഷ്യൽ ഫണ്ട് | 605859 |
| 5 | ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി- സംയുക്ത പ്രോജക്ടുകൾ | 1019743 |
| | ആകെ | 17615845 |

പ്രസ്തുത കണക്കുകൾ പ്രകാരം വിവിധ ഗ്രാന്റിനങ്ങളിലായി ചെലവഴിക്കാതെ 19194332 രൂപ അവശേഷിക്കുമ്പോൾ അക്കൗണ്ട്സ് പ്രകാരം വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്നത് 17615845 രൂപയാണ്. ഇതനുസരിച്ച് 1578487 രൂപ കമ്മിയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ പ്രധാന വരുമാനയിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക, മാർക്കറ്റ് ഫീ എന്നീയിനങ്ങളിലായി 11760365 രൂപ വരുമാനം ലഭിച്ചിരുന്നു.

ഷെഡ്യൂൾ B-4 പ്രകാരം വിവിധ ഗ്രാന്റിനങ്ങളിലായി ലഭിച്ച തുകയുടെ സുതാര്യത ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും ഇനങ്ങളിൽ ലഭിച്ച തുക ഹെഡ്സ് മാറി ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യത പരിശോധിക്കപ്പെടേണ്ടതാണ്. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 ടെണ്ടർ നടപടിക്രമങ്ങളിൽ ഗുരുതരമായ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ നടപടിക്രമങ്ങളിലും കരാറുകാരനെ തെരഞ്ഞെടുത്തതിലും അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

a) അതുമ്പും കുളം ആവോലിക്കുഴി റോഡ് സംരക്ഷണഭിത്തി നിർമ്മാണം.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 221/17-18, അതുമ്പും കുളം ആവോലിക്കുഴി റോഡ് സംരക്ഷണഭിത്തി നിർമ്മാണം (വാർഡ്-6). |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 300000<br>ധനകാര്യ കമ്മീഷൻ വിഹിതം- 230000. |
| ബിൽ തുക,ബിൽ നമ്പർ | ₹150815, ബിൽ നം.292/08.03.2018 |
| കരാറുകാരന്റെ പേര് | K.N രാജേന്ദ്രൻ,കണ്ടത്തുംകരോട്ട്, എലിമുള്ളുംപ്ളാക്കൽ. |
| എം ബുക്ക് നമ്പർ | 37/AE/KGP/17-18 |

അതുമ്പുംകുളം ആവോലിക്കുഴി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി ടെണ്ടർ ക്ഷണിയ്ക്കുകയും 10-11-2017 ൽ ലഭിച്ച ടെണ്ടറുകൾ തുറക്കുകയും ചെയ്തു. ഇ-ടെണ്ടറിനു ആയിട്ടാണ് ടെണ്ടർ നടപടികൾ നടത്തിയിട്ടുള്ളത്. 530000 രൂപയായിരുന്നു ടെണ്ടർ തുക. ഇതിൽ കുറവായി 4 പേര് ടെണ്ടർ സമർപ്പിക്കുകയും ഏറ്റവും കുറവു തുക സമർപ്പിച്ച (371537.76) ശ്രീ.പ്രമോദ് T.P,തൈക്കൂട്ടത്തിൽ വീട്, തണ്ണിത്തോട് P.O എന്നയാൾക്കു വർക്ക് നൽകാതെ K.N രാജേന്ദ്രൻ എന്നയാൾക്കാണ് (380814.80) പ്രവൃത്തി ഏൽപ്പിച്ചത്. ഇതിനു കാരണമായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 'Bid Application Failed' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

b) വലിയകാലാ സ്കൂൾ ഗ്രൗണ്ട് റോഡ് കോൺക്രീറ്റിംഗ് , സംരക്ഷണഭിത്തി നിർമ്മാണം.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 141/17-18,243/18-19 വലിയകാലാ സ്കൂൾ ഗ്രൗണ്ട് |

| | |
|---|---|
| | റോഡ് കോൺക്രീറ്റിംഗ് , സംരക്ഷണഭിത്തി<br>നിർമ്മാണം (വാർഡ്-12). |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 102000 |
| ബിൽ തുക, ബിൽ നമ്പർ | ₹70513, 11/16.05.2018 |
| കരാറുകാരന്റെ പേര് | ശ്രീ. അജ്മി അബ്ദുൾ മജീദ്, പൂവക്കാട്ട് മണ്ണിൽ വീട്, വലഞ്ചുഴി P.O, പത്തനംതിട്ട. |
| എം ബുക്ക് നമ്പർ | 37/AE/KGP/17-18 |

വലിയകാലാ സ്കൂൾ ഗ്രൗണ്ട് റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി ഇ-ടെണ്ടർ ക്ഷണിക്കുകയും 15.09.2017 ൽ ടെണ്ടർ തുറക്കുകയും ചെയ്തു. ടെണ്ടർ രജിസ്റ്ററും ടെണ്ടറുകളുടെ ഹാർഡ് കോപ്പികളും പരിശോധിച്ചതിൽ നിന്നും ശ്രീ. അനിൽ കുമാർ G എന്ന വ്യക്തി എസ്റ്റിമേറ്റ് നിരക്കിലും ശ്രീ. സയ്യിദ് മുഹമ്മദ് 0.01% കുറവായും ടെണ്ടർ നിരക്ക് ക്വോട്ട് ചെയ്തിരുന്നു. എന്നാൽ അജ്മി അബ്ദുൾ മജീദ് എന്ന വ്യക്തിയുടെ 2.50% കുറവ് ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിന്റെ ഹാർഡ് കോപ്പി പരിശോധിച്ചതിൽ നിന്നും 9.99% Below എന്നത് തിരുത്തി 2.5% Below എന്ന രേഖപ്പെടുത്തിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

c) നാരകത്തും കുഴി സംരക്ഷണഭിത്തി നിർമ്മാണം, റോഡ് പുനരുദ്ധാരണം.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 172/17-18, നാരകത്തും കുഴി സംരക്ഷണഭിത്തി നിർമ്മാണം, റോഡ് പുനരുദ്ധാരണം (വാർഡ്-7). |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 360000 |
| ബിൽ തുക,ബിൽ നമ്പർ | ₹317922, 259/22.02.2018. |
| കരാറുകാരന്റെ പേര് | ശ്രീ. G അനിൽ കുമാർ, ചീക്കനാൽ പുത്തൻവീട്, മങ്ങാരം,കോന്നി. |
| എം ബുക്ക് നമ്പർ | 27/AE/KGP/17-18 |

നാരകത്തും കുഴി സംരക്ഷണഭിത്തി നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് 3 വ്യക്തികൾ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ ശ്രീ.അജ്മി അബ്ദുൾ മജീദ്, പൂവക്കാട്ട് മണ്ണിൽ വീട്, വലഞ്ചുഴി P.O എന്ന വ്യക്തി 24.01 % കുറവായി ടെണ്ടർ സമർപ്പിച്ചിരുന്നു. ഇദ്ദേഹത്തെ ഒഴിവാക്കി വെറും 0.1% ടെണ്ടർ കുറവ് ക്വോട്ട് ചെയ്ത ശ്രീ. G അനിൽ കുമാർ എന്നയാളെയാണ് തെരഞ്ഞെടുത്തത്. 'License copy not attached' എന്ന കാരണം മാത്രമാണ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല. ഇതേ കരാറുകാരന് തന്നെ നിരവധി പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ സെലക്ഷൻ നോട്ടീസ് അയച്ച് നൽകിയിട്ടുണ്ട്. ഉദാ:പ്രൊജക്ട് നമ്പർ:141/17-18, 181/17-18,141/17-18,

ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ ഇദ്ദേഹം എല്ലാ രേഖകളോടും കൂടി പങ്കെടുത്തിട്ടുമുണ്ട്. ഉദാ: പ്രൊജക്ട് നമ്പർ:180/17-18 ,183/17-18, 217/17-18, 132/17-18, 254/17-18,134/17-18,255/17-18.

ഇ-ടെണ്ടർ നടപടിക്രമങ്ങളിൽ ലൈസൻസ് കോപ്പി സ്കാൻ ചെയ്ത് സമർപ്പിക്കണമെന്നും നിബന്ധനയുണ്ട്. അതിനാൽ ലൈസൻസിന്റെ ഹാർഡ് കോപ്പി ഇല്ല എന്ന കാരണത്താൽ 24.01% കുറവ് ടെണ്ടർ നിരസിച്ചത് സ്ഥാപനത്തിന്റെ ഫണ്ട് നഷ്ടമാകാനിടയാക്കി.(വാല്വേഷൻ തുക-24%=318240-24%=76378രൂപ). 76378രൂപ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ ഗുരുതരമായ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:24/2018 തീയതി 27.07.2018) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങളിൽ ഇത്തരത്തിൽ ഗുരുതരമായ നിരവധി അപാകതകളാണ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. 2017-18-ലെ ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 ഇ.എം.എസ് ഭവനപദ്ധതി -സർക്കാർ അനുമതിയില്ലാതെ ലോൺ എടുത്തു- 10.66 ലക്ഷം രൂപയുടെ പലിശ പഞ്ചായത്തിനു ബാദ്ധ്യതയായി.

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി സ.ഉ (എം.എസ് ) 563/2010/ത.സ്വ.ഭ.വ തീയതി 22-02-2010 പ്രകാരം ഗ്രാമപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷം സർക്കാർ അനുമതിയോടുകൂടി കോന്നി റീജിയണൽ സഹകരണ ബാങ്കിൽ നിന്നും 14239625/- രൂപ ലോൺ എടുത്തിരുന്നു. കൂടാതെ 2013-14 സാമ്പത്തിക വർഷം സർക്കാർ അനുമതിയില്ലാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കോന്നി ശാഖയിൽ നിന്നും ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി 13-02-2014 ൽ 2680000/-രൂപ കൂടി ലോൺ എടുത്തു. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചു. ആയതിന് ശേഷവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ 563943/- രൂപ നിലവിൽ ലോൺ അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്. 2015-16 മുതൽ 2017-18 വരെയുള്ള കാലയളവുകളിലായി 1462500 രൂപ ഗ്രാമപ്പഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ച് വികസനഫണ്ടിൽ നിന്നും ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 1217500 രൂപ തിരികെ അടവാക്കാൻ അവശേഷിക്കുന്നു.

സ.ഉ(എം.എസ്) നം- 306/2011/ത.സ്വ.ഭ.വ തീയതി 07-12-2011 പ്രകാരം ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി എടുക്കുന്ന ലോൺ തുകയുടെ പലിശ കണക്കാക്കി ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിരുന്നു. ഗ്രാമപ്പഞ്ചായത്ത് സർക്കാർ അനുമതിയില്ലാതെ ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി ലോൺ എടുത്തതിനാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പലിശ കണക്കാക്കുകയോ ഓഡിറ്റ് സമയം വരെ പലിശയിനത്തിൽ തുക അടവാക്കുകയോ ചെയ്തിട്ടില്ല. ടി ഉത്തരവിൽ ലോൺ തുകയ്ക്ക് ഏതെങ്കിലും സാഹചര്യത്തിൽ പിഴപ്പലിശ നൽകേണ്ടി വന്നാൽ അത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ 1066882 രൂപ പലിശയിനത്തിൽ അടവാക്കാനുണ്ടെന്നാണ് 20-07-2018-ൽ ബാങ്കിൽ നിന്നും അറിയിച്ചിട്ടുള്ളത്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം- 13/21-07-2018) നൽകിയതിന്റെ അടിസ്ഥാനത്തിൽ ലോൺ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 563943/- രൂപ ഗ്രാമപ്പഞ്ചായത്ത് 28-07-2018-ൽ ലോൺ അക്കൗണ്ടിലേക്ക് അടവാക്കി. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ EMS പദ്ധതിയ്ക്ക് ലോൺ എടുത്തതു സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതിയില്ലാതെ ലോൺ എടുത്തതിനാൽ പലിശയിനത്തിലുള്ള തുക അടവാക്കാൻ സാധിച്ചിട്ടില്ല. ലോൺ തുക മുഴുവൻ അടവാക്കിയാലും പലിശ അവശേഷിക്കുന്ന സ്ഥിതിയാണ്. പ്രസ്തുത സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്ക് ബാധ്യത ഇല്ലാത്ത രീതിയിൽ പലിശ അടവാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഒരേ തരം ഇലക്ട്രിക് ഉപകരണങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ ജി.എസ്.ടി നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള സാധനങ്ങൾ വാങ്ങൽ (8/17-18) |
| വകയിരുത്തിയ തുക | ₹400000 (എഫ്.സി ഗ്രാന്റ്) |
| ചെലവഴിച്ച തുക | ₹398266 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി |

ടെണ്ടർ നടപടികൾ പ്രകാരം കൊല്ലത്തുള്ള വിജയ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് തവണകളിലായാണ് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയത്. സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് പ്രകാരമാണ് ഗ്രാമപ്പഞ്ചായത്ത് തുക നൽകിയത്. യഥാർത്ഥ ബിൽ സൂക്ഷിച്ചിട്ടില്ല. ആദ്യ വാങ്ങലിൽ (ഇൻവോയിസ് നം- B2C-205/17-18 തീ 14-11-2017) സ്റ്റാർട്ടർ, സൈഡ് ഹോൾഡർ എന്നീ ഉപകരണങ്ങൾക്ക് 28% ജി.എസ്.ടി-യാണ് നൽകിയിട്ടുള്ളത്. രണ്ടാമത്തെ വാങ്ങലിൽ (ഇൻവോയിസ് നം- B2C-290/17-18 തീ 29-12-2017) സ്റ്റാർട്ടർ, സൈഡ് ഹോൾഡർ എന്നീ ഉപകരണങ്ങൾക്ക് 18% ജി.എസ്.ടി-യാണ് നൽകിയിട്ടുള്ളത്. ഒരു മാസത്തെ വ്യത്യാസത്തിൽ രണ്ട് വ്യത്യസ്ത നികുതി നിരക്കുകൾ പ്രകാരം സ്ഥാപനത്തിന് തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പരും തീയതിയും | ഇലക്ട്രിക് ഉപകരണങ്ങളുടെ പേര് | എണ്ണം | നിരക്ക് | ആകെ | ജി.എസ്.ടി തുക 28% നിരക്കിൽ | ജി.എസ്.ടി തുക 18% നിരക്കിൽ | വ്യത്യാസം |
|---|---|---|---|---|---|---|---|
| B2C-205/17-18 തീ 14-11-2017 | സ്റ്റാർട്ടർ | 2000 | 6.16 | 12320 | 28 % of 12320 = 3450 | 18 % of 12320 = 2218 | 1232 |
| | സൈഡ് ഹോൾഡർ | 1000 | 6.16 | 6160 | 28 % of 6160 = 1725 | 18 % of 6160 = 1109 | 616 |
| ആകെ | | | | | | | 1848 |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം15/21-07-2018) നൽകിയതിന് മറുപടിയായി ഒറിജിനൽ ബിൽ ട്രഷറിയിൽ നൽകിയതിനാലാണ് ഇൻവോയ്സ് സൂക്ഷിച്ചതെന്ന് അറിയിച്ചത്. ഒറിജിനൽ ബിൽ ട്രഷറിയിൽ നൽകുമ്പോൾ പകർപ്പ് എടുത്ത് വൗച്ചറിൽ സൂക്ഷിക്കാമെന്നിരിക്കെ ഇൻവോയ്സ് പരിശോധനയ്ക്കായി സമർപ്പിച്ച നടപടി തെറ്റാണ്. യഥാർത്ഥ ബിൽ തുക പ്രകാരം തുക നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ആയതിന്റെ പകർപ്പ് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്. ജി.എസ്.ടി

നിരക്കിലെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കിയില്ല. 1848 രൂപ ടി സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി അടവാക്കുകയോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയോ ചെയ്യേണ്ടതാണ്. അധികമായി അനുവദിച്ച് നൽകിയ 1848 രൂപ നിരാകരിക്കുന്നു.

## 3-5 പൊതുടാപ്പുകളുടെ വെള്ളക്കരം-ഫൈൻ അടവാക്കിയത് ക്രമവത്കരിക്കണം

ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ 2017 മാർച്ച് മാസത്തെ വെള്ളക്കരം(ഡിമാന്റ് നോട്ടീസ് നമ്പർ 16097) തുകയായ 161875 രൂപ വൗച്ചർ നമ്പർ 21601226 പ്രകാരം-31-3-2017ന് കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയിരുന്നു (ട്രഷറി ബിൽ നമ്പർ 49/2017). ഇതനുസരിച്ച് 31-03-2017 വരെ ഗ്രാമപ്പഞ്ചായത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബിൽ പ്രകാരം വെള്ളക്കരമിനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2017 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് നമ്പർ 16863 പ്രകാരം 31-3-2017ലെ കുടിശ്ശികയിനത്തിൽ 161875രൂപയും ഫൈൻ 3238 രൂപയും ഏപ്രിൽ മാസത്തെ ഡിമാന്റ് തുകയായ 161875 രൂപയും ചേർന്ന് 326988 രൂപ (ഡി.ഡി നം-000173 തീ 29-4-2017-) അടവാക്കി. ഓഡിറ്റ് എൻക്വയറിയ്ക്ക് വാട്ടർ അതോറിറ്റി നൽകിയ മറുപടിയിൽ ഏപ്രിൽ മാസം അധികമായി വാങ്ങിയ തുക ജൂലൈ മാസത്തെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് അതുപ്രകാരം ജൂൺ മാസത്തെ വെള്ളക്കരം ഗ്രാമ പഞ്ചായത്ത് അടവാക്കിയിട്ടില്ല. എന്നാൽ ഇല്ലാത്ത കുടിശ്ശികയ്ക്ക് ഫൈനായി അടച്ച 3238 രൂപ വാട്ടർഅതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ക്രമവത്കരിക്കേണ്ടതാണ്

## 3-6 മട്ടുപ്പാവ് കൃഷി: സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | മട്ടുപ്പാവ് കൃഷി( 19/17-18) |
| വകയിരുത്തിയ തുക | ₹475000 (വികസന ഫണ്ട്- ₹280000,<br>ഗുണ. വിഹിതം-₹195000) |
| ചെലവഴിച്ച തുക | ₹282150 (വികസന ഫണ്ട്- ₹166320,<br>ഗുണ. വിഹിതം-₹115830)<br>ബിൽ നം- 205തീയതി 23-1-2018<br>272 തീയതി 28-02-2018<br>347തീയതി 24-3-2018<br>344തീയതി 24-3-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മട്ടുപ്പാവ് കൃഷി എന്ന പ്രൊജക്ടിന് അനുവദനീയമായതിലും അധികം സബ്സിഡി നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി സംബന്ധിച്ച് സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്)നം:80/2017/തസ്വഭവ, തീയതി:03.04.2017) പ്രകാരം മൺചട്ടിയിൽ മട്ടുപ്പാവ് കൃഷിയ്ക്ക് ചെലവിന്റെ 50% അല്ലെങ്കിൽ പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി ഒന്നിന് ₹70 രൂപ എന്ന ക്രമത്തിലാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 6 മൺചട്ടി എന്ന ക്രമത്തിൽ 297 ഗുണഭോക്താക്കൾക്ക് 1782 മൺചട്ടികൾ വിതരണം ചെയ്തു. പദ്ധതിയുടെ ആകെ ചെലവായ ₹282150 രൂപയിൽ ₹5940 രൂപ വിത്തിന്റെ വിലയാണ്. വിത്ത് സൗജന്യമായി നൽകാമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. അതിനാൽ വിത്തിന്റെ വില കഴിഞ്ഞുള്ള ചെലവ് ₹276210 രൂപയെന്നു കണക്കാക്കിയാൽ ഒരു മൺചട്ടിയുടെ വില₹155രൂപ എന്നു കാണാം.

₹155രൂപ വിലയുള്ള മൺചട്ടികൾ സബ്സിഡി-₹90രൂപ,ഗുണഭോക്തൃവിഹിതം-₹65രൂപ എന്ന ക്രമത്തിലാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി ഒന്നിന് ₹70 രൂപയാണ് അനുവദനീയമായ സബ്സിഡി. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് മൺചട്ടി ഒന്നിന് ₹20 രൂപ അധികം നൽകിയതായി കണ്ടു. ഈ വിഷയവുമായി ബന്ധപ്പെട്ട് 19-7-2018 ലെ 12ാം നമ്പർ എൻക്വയറിയ്ക്ക് സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന രണ്ട് ഘടകങ്ങൾ യോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കിയത് എന്ന കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. അതിനാൽ 1782 മൺചട്ടികൾക്ക് ₹20 രൂപ ക്രമത്തിൽ അധികമായി നൽകിയ ₹35640 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

## 3-7 പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ചില്ല

2017-18 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 പ്രോജക്ടുകളാണ് അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയത്. എന്നാൽ ഒരു പദ്ധതിയ്ക്ക് പോലും തുക പൂർണ്ണമായും വിനിയോഗിക്കുകയോ എല്ലാ കർഷകർക്കും ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരങ്ങൾ | വകയിരുത്തിയ തുക (വികസനഫണ്ട്) | ചെലവഴിച്ച തുക (വികസന ഫണ്ട്) | ആനുകൂല്യം നൽകേണ്ടിയിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കറവയുള്ള പശു വാങ്ങൽ (6/17-18) | 450000 | 275000 | 18 | 11 |
| 2 | കറവ പശുക്കൾക്ക് കാലിത്തീറ്റ (30/17-18) | 600000 | 433800 | 60 | 48 |
| 3 | താറാവ് വളർത്തൽ (31/17-18) | 135000 | 27500 | 270 | 55 |
| 4 | താറാവ് വളർത്തൽ (എസ്.സി വിഭാഗം) (32/17-18) | 45000 | 8250 | 60 | 11 |
| 5 | പ്രത്യേക കന്നുകുട്ടി പരിപാലനം (37/17-18) | 262250 | 131250 | 84 | 42 |
| 6 | കിടാരി വളർത്തൽ (38/17-18) | 378000 | 48000 | 63 | 8 |
| | ആകെ | 1870250 | 923800 | 555 | 175 |

വികസന ഫണ്ട് 1870250 രൂപ വകയിരുത്തിയപ്പോൾ ചെലവ് 923800 രൂപ മാത്രമാണ്. 49.39% മാത്രമാണ് പദ്ധതി ചെലവ്. വിവിധ പദ്ധതികളിലായി 555 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ 175 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. 32 % -പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഓരോ വാർഡിലും പകുതിയലധികം കുടുംബങ്ങളും കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം കണ്ടെത്തുന്ന ഒരു പ്രദേശമാണ് കോന്നി ഗ്രാമപഞ്ചായത്ത്. ഇവരിൽ ഭൂരിഭാഗവും കന്നുകാലി വളർത്തലിലാണ് ഏർപ്പെട്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതി നടത്തിപ്പിലെ ഇപ്രകാരമുള്ളൊരു നിശ്ചലാവസ്ഥ.

നീർത്തട പരിപാലന മേഖലയിലെ വർക്കിംഗ് ഗ്രൂപ്പായ മൃഗസംരക്ഷണത്തിന്റെ ചുമതലയിലാണ് വെറ്ററിനറി സർജൻ. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്ന് കാര്യക്ഷമമായ മോണിറ്ററിംഗ് ഉണ്ടാകാത്തതാണ് ഇതിന് കാരണം. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല. മൃഗസംരക്ഷണ മേഖലയുടെ വളർച്ചയ്ക്ക് ഉപയുക്തമാകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പശു വാങ്ങൽ പദ്ധതി- സബ്സിഡി നൽകിയതിൽ അപാകത

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പശു വാങ്ങൽ പദ്ധതി (6/17-18) |
| വകയിരുത്തിയ തുക | 450000 |
| ചെലവഴിച്ച തുക | 275000 ( വികസന ഫണ്ട്)<br>ബിൽ നം:1, തീയതി 11.01.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രോജക്റ്റ് പ്രകാരം 11 ഗുണഭോക്താക്കൾക്കാണ് സബ്സിഡി നൽകിയത്. ഇതിൽ 6 ഗുണഭോക്താക്കൾക്കും സബ്സിഡി നൽകിയിരിക്കുന്നത് പശുവിന്റെ യഥാർത്ഥ വില രേഖപ്പെടുത്തിയിട്ടുള്ള വിലച്ചീട്ട് ഇല്ലാതെയാണ്. 25000 രൂപ വീതമാണ് ഓരോ ഗുണഭോക്താവിനും നൽകിയ സബ്സിഡി. ഗുണഭോക്തൃ വിഹിതമായി ഓരോ ഗുണഭോക്താവിൽ നിന്നും പിരിച്ചെടുത്ത 25000 രൂപ ഉൾപ്പെടെ 50000 രൂപ പശുവിനെ നൽകിയ ആളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പശുവിന്റെ യഥാർത്ഥ വിലയുടെ 50%-മാണ് സബ്സിഡി. എന്നാൽ ഇപ്രകാരം വിലച്ചീട്ട് ഇല്ലാതെ സബ്സിഡി നൽകിയത് മൂലം മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒരു കേന്ദ്രീകൃത പർച്ചെയ്സിംഗ് സംവിധാനം പദ്ധതിയിലുണ്ടായിട്ടില്ല. 11 ഗുണഭോക്താക്കളും 11 വ്യത്യസ്ത ആൾക്കാരിൽ നിന്നുമാണ് പശുവിനെ വാങ്ങിയിട്ടുള്ളത്. 50% സബ്സിഡി നൽകിയിരിക്കുന്ന സാഹചര്യത്തിൽ അതാത് പ്രദേശത്തെ വെറ്ററിനറി സർജന്റെ ഒരു വിലച്ചീട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതായിരുന്നു. 50% സബ്സിഡി എന്ന പരിധി പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മാർഗ്ഗരേഖ പ്രകാരം പശുവിന്റെ യഥാർത്ഥ വിലയുടെ 50% മാത്രമെ സബ്സിഡിയായി നൽകാൻ കഴിയുകയുള്ളൂ. വിലച്ചീട്ട് ഗുണഭോക്താവിൽ നിന്നും വാങ്ങി അടുത്ത ഓഡിറ്റിനു ഹാജരാക്കേണ്ടതും തുടർന്നുള്ള പദ്ധതി നടത്തിപ്പിൽ പ്രസ്തുത അപാകത ഒഴിവാക്കി പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാതെ നഷ്ടമാക്കി

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |

| | |
|---|---|
| പേരും | (219/17-18) |
| വകയിരുത്തിയ തുക | 800000<br><br>വികസന ഫണ്ട്- 450000<br><br>ജില്ലാ പഞ്ചായത്ത് വിഹിതം-50000<br><br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 300000 |
| ചെലവഴിച്ച തുക | 92445-ബിൽ നം.1തീയതി:11.01.2018<br><br>75156-ബിൽ നം.2തീയതി:15.02.2018<br><br>256156-ബിൽ നം.3തീയതി:16.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

അംഗീകൃത ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് നാല് രൂപ വീതം സബ്സിഡി നൽകുന്നതായിരുന്നു പദ്ധതി. പദ്ധതി പ്രകാരം വകയാർ, അട്ടച്ചാക്കൽ, കൊന്നപ്പാറ മേഖലകളിലെ കർഷകർക്കാണ് സബ്സിഡി നൽകിയത്. പ്രോജക്ട് പ്രകാരം ബ്ലോക്ക് വിഹിതമായി മൂന്ന് ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും ഒരു ലക്ഷം രൂപയാണ് ലഭിച്ചത്. എന്നാൽ പ്രസ്തുത തുക ചെലവഴിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥ നഷ്ടമാക്കി. ഏപ്രിൽ 2017 മുതൽ മാർച്ച് 2018 വരെയുള്ള കാലയളവിൽ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഫെബ്രുവരി 2018 വരെയുള്ള തുക മാത്രമാണ് നൽകിയത്. ബ്ലോക്കിൽ നിന്നും തുക ലഭ്യമായെങ്കിലും കർഷകർക്ക് മാർച്ച് 2018-ലെ സബ്സിഡി തുക നൽകിയില്ല. തുക പിന്നീട് നൽകുന്നതിനായി പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടുമില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 2017-18 സാമ്പത്തിക വർഷം ചെലവഴിക്കാത്ത സാഹചര്യത്തിലും പദ്ധതി സ്പിൽ ഓവർ ആക്കാത്തതിനാലും 2018-19 വർഷത്തെ പദ്ധതിയിൽ ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെടുത്തി കർഷകർക്ക് കഴിഞ്ഞവർഷം മാർച്ച് മാസം നൽകാനുള്ള ആനുകൂല്യം നൽകേണ്ടതാണ്. അപാകത വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിരുന്നില്ല. ആയതിനാൽ അടിയന്തിരമായി പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതും നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് സ്ഥലമെടുപ്പ്- ഗ്രാമപഞ്ചായത്തിന് വൻ ബാധ്യത

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30-03-2012 ലെ 957/2012, 13-08-2012 ലെ 40074/ എഫ്.എം 2/2012/ ത.സ്വ.ഭ.വ എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് കോന്നിയിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 48 സെന്റ് സ്ഥലം വാങ്ങുന്നതിന് 2012-13 സാമ്പത്തിക വർഷം 4511135/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. കൂടാതെ 2014-15 സാമ്പത്തിക വർഷം സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്ന ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് 1800000/- രൂപ കൂടി ചെലവഴിച്ചു.

2012-13 സാമ്പത്തിക വർഷം 4511135/- രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് വാങ്ങിയ 48 സെന്റ് സ്ഥലത്തിനും കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനായി വിട്ടുകൊടുക്കുന്ന ഗ്രാമപഞ്ചായത്ത് വക സ്ഥലത്തിനും ഇടയിലുള്ള 1 ഏക്കർ 8 സെന്റ് സ്ഥലം (സർവ്വെ നം- 273/10) ലാന്റ് അക്വസിഷൻ നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് ഗ്രാമപഞ്ചായത്ത് 1800000/- രൂപ ചെലവഴിച്ചത്. ഡി.എൽ.പി.സി നിശ്ചയിച്ച സ്ഥല വില ഭൂവുടമ അംഗീകരിക്കാത്ത സാഹചര്യത്തിൽ പുതിയ എൽ.എ (ലാന്റ് അക്വസിഷൻ) ആക്റ്റിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടരുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരമാണ് ഡി.എൽ.പി.സി (District Level Purchasing Committee) നിശ്ചയിച്ചുതുമായ സ്ഥല വില കളക്ടറുടെ ഫണ്ടിലേക്ക് അടവാക്കിയത്.

സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കൽ നടപടിക്ക് ഇനിയും പണം കണ്ടെത്തേണ്ടതായിട്ടുണ്ട്. അഞ്ച് കോടിയോളം രൂപ ഇനിയും ആവശ്യമായിട്ടുണ്ടെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തിന്റെ 31-03-2018-ലെ തനത്ഫണ്ട് നീക്കിയിരുപ്പ് ഒരു കോടി നാൽപ്പത് ലക്ഷം രൂപയാണ്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ചിരിക്കുന്ന തുകയും നിക്ഷേപിച്ചിരിക്കുന്നത് തനത് ഫണ്ട് അക്കൗണ്ടുകളിലാണ്. (ഖ 3-1 കാണുക). പ്രസ്തുത സാഹചര്യത്തിൽ സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പണം കണ്ടെത്താൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോ നിർമ്മാണമെന്ന ബൃഹദ്പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന് ഇതുവരെ എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, മറ്റ് പ്രത്യേക ഗ്രാന്റുകൾ എന്നിങ്ങനെ ഫണ്ടുകൾ ഒന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയത് നേടിയെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും പരിശ്രമം ഉണ്ടാകേണ്ടതാണ്. ടി വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ (സാധാ)നം- 486/13/ത.സ്വ.ഭ.വ തീയതി 23-02-2013 പ്രകാരം ബസ് ഡിപ്പോ നിർമ്മാണത്തിനായി പഞ്ചായത്ത് സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങിയ 48 സെന്റ് സ്ഥലവും ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന 1 ഏക്കർ 93 സെന്റ് സ്ഥലം ഉൾപ്പെടെ 2 ഏക്കർ 41 സെന്റ് സ്ഥലം കെ.എസ്.ആർ.ടി.സിയ്ക്ക് സൗജന്യമായി ഗ്രാമപഞ്ചായത്ത് വിട്ടുകൊടുത്തു. എന്നാൽ ടി സ്ഥലം ഇതു

വരെ രജിസ്റ്റർ ചെയ്ത് നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി സ്വകാര്യവൽക്കരിക്കുകയോ പ്രത്യേക കമ്പനിയാക്കുകയോ മറ്റോ ചെയ്യുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുകൊടുക്കുന്ന സ്ഥലം തിരികെ ലഭിക്കുന്ന രീതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ കെ.എസ്.ആർ.ടി.സി മൂന്ന് കമ്പനിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 SC കുട്ടികൾക്ക് സൈക്കിൾ വിതരണം പദ്ധതിയുടെ രേഖകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ,പേര് | 283/2017-18,SC കുട്ടികൾക്ക് സൈക്കിൾ വിതരണം |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ | ₹160000 |
| ബിൽ തുക,ബിൽ നമ്പർ | ₹110910 ബിൽ നമ്പർ:210;23.01.2018<br>₹49090 ബിൽ നമ്പർ:329,21.03.2018<br>₹28529 ബിൽ നമ്പർ:5,22.05.2018 (2018-19, സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

SC കുട്ടികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതിയ്ക്കായി 07.09.2017 ൽ ടെണ്ടർ ക്ഷണിക്കുകയും മുരളി സൈക്കിൾസ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.10.2017 ലെ 1-ാം നമ്പർ തീരുമാനം) താഴെ പറയുന്ന നിരക്കിൽ സൈക്കിളുകൾക്ക് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു.

| പർച്ചേസ് ഓർഡർ | ഇനം | എണ്ണം | നിരക്ക് | തുക | ആകെ തുക |
|---|---|---|---|---|---|
| AS/01/2017;02.03.2018 | Hercules Rockey (For Boys) | 10 | 3649 | 36490 | 77619 |
| | Hero Miss India (For Girls) | 11 | 3739 | 41129 | |
| AS/01/2017;02.03.2018 | Hercules Rockey (For Boys) | 14 | 3649 | 51086 | 110910 |
| | Hero Miss India (For Girls) | 16 | 3739 | 59824 | |
| ആകെ | | 24 for boys<br>27 for girls | | | 188529 |

എന്നാൽ ഇവ വിതരണം നടത്തിയതിന്റെ രേഖകൾ അപൂർണ്ണമാണ്. 51 കുട്ടികൾക്കാണ് സൈക്കിൾ വാങ്ങിയിട്ടുള്ളത്. എന്നാൽ 37 കുട്ടികളുടെ അപേക്ഷകളും അനുബന്ധ രേഖകളും മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 14 കുട്ടികൾക്ക് സൈക്കിൾ വിതരണം നടത്തിയതിന്റെ യാതൊരു രേഖകളും ഇല്ല. (8 boys+6 girls)

അപേക്ഷകളുള്ള 37 എണ്ണത്തിൽ 14 കുട്ടികളുടെ അപേക്ഷയിൽ കോന്നി ബ്ലോക്ക് SC വികസന ഓഫീസറിൽ നിന്നും സൈക്കിൾ ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഇല്ല. (9 boys+5 girls). മതിയായ രേഖകളില്ലാതെ 17 ആൺകുട്ടികൾക്കും 11 പെൺകുട്ടികൾക്കും സൈക്കിൾ വിതരണം നടത്തിയതിന് ചെലവഴിച്ച തുക 103162 രൂപയാണ്. (17x₹3649+11x₹3749). ചെലവു തുക ₹103162 രൂപ തടസ്സപ്പെടുത്തുന്നു.

അപേക്ഷകൾ ഇല്ലാത്ത 14 കുട്ടികളുടെ ഫയലുകളും കോന്നി ബ്ലോക്ക് SC വികസന ഓഫീസറുടെ സാക്ഷ്യപത്രം ഫയലുകൾ ഇല്ലാത്തതിന് വിശദീകരണവും അടിയന്തിരമായി ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:27/2018 തീയതി 27.07.2018) മറുപടിയായി രേഖകൾ ഹാജരാക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. രേഖകൾ ഈ റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം ഹാജരാക്കാത്തപക്ഷം രേഖകളില്ലായെന്ന നിഗമനത്തിലെത്തുന്നതും തുക നിരാകരിച്ച് സർചാർജ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-12 SC കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയ പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ചെലവ് ചെയ്തു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ,പേര് | 127/2017-18,SC കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ. |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ | ₹240600 |
| ബിൽ തുക,<br>ബിൽ നമ്പർ | ₹112000 ബിൽ നമ്പർ:368;28.03.2018<br>₹64000 ബിൽ നമ്പർ:368;24.02.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

A) 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (G.O(Ms) നം.80/2017/ത.സ്വ.ഭ.വ;03.04.2017) ഗാർഹിക കുടിവെള്ള കണക്ഷന് പട്ടികജാതി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക ₹7500 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി ₹8000 രൂപ വീതം 22 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്.ഇതു പ്രകാരം സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ₹11000 രൂപ ചെലവഴിച്ച എന്നു കണ്ടു. (22x₹500). അധികമായി ചെലവഴിച്ച ₹11000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

B)SC കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയ പദ്ധതിയിൽ ₹8000 രൂപ ശ്രീമതി.സരസമ്മ, സതീഷ് ഭവൻ, അട്ടച്ചാക്കൽ (ആധാർ നമ്പർ:792941646438) എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടിയാളുടെ പന്തളം SBI ബ്രാഞ്ചിലുള്ള അക്കൗണ്ടിലാണ് (SBIN0013408,A/C no:20276609359) തുക നൽകിയിട്ടുള്ളത്. ടിയാൾ കുടിവെള്ള കണക്ഷൻ എടുത്തു എന്നതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമായിരുന്നില്ല. വാട്ടർ അതോറിറ്റി, കോന്നി PH ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം, ഡൊമസ്റ്റിക് കണക്ഷനുള്ള രസീത്, വാട്ടർ ടെസ്റ്റിംഗ് രസീത്, പുതിയ കൺസ്യൂമറിനുള്ള അപേക്ഷ രസീത്, കണക്ഷനു വേണ്ടി വന്ന ചെലവുകളുടെ ബില്ലുകൾ, താമസ/ഉടമസ്ഥാവകാശ സാക്ഷ്യപത്രം എന്നിങ്ങനെ യാതൊരു രേഖകളും ഹാജരാക്കിയിരുന്നില്ല. കൂടാതെ ഫയലിനോടൊപ്പം ഹാജരാക്കിയ ആധാർ കാർഡിൽ ടിയാൾ പന്തളം, കുരമ്പാല, കാരുംവേലി മുകളിൽ എന്ന വിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ മേൽ ഗുണഭോക്താവിനു നൽകിയ 8000 രൂപയ്ക്ക് ആധികാരികമായ രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:26/2018 തീയതി 27.07.2018) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവു തുക 8000 തടസ്സപ്പെടുത്തുന്നു. കൃത്യമായ രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവു തുകയായ 8000 രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും VAT തുക കുറവു ചെയ്തിട്ടില്ല

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ,പേര് | 294/17-18, അട്ടച്ചാക്കൽ ഗവ.LP സ്കൂൾ ചുറ്റുമതിൽ നിർമ്മാണം (വാർഡ്-3). | 80/2017-18, പയ്യനാമൺ ഗവ. യു പി സ്കൂൾ അറ്റകുറ്റപ്പണികൾ |
| ഫണ്ടിനം | ലോകബാങ്ക് ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ് |
| അടങ്കൽ | 273954 | 200000 |

| | | |
|---|---|---|
| ബിൽ തുക,ബിൽ നമ്പർ | ₹155220 ,386;31.03.2018<br>₹83187, 387;31.03.2018 | 130805,<br>371/31.03.2018 |
| വാല്വേഷൻ | 238407 | 130805 |
| കൺവീനറുടെ പേര് | സജി ജോൺ,ഹെഡ് മാസ്റ്റർ,<br>ഗവ: LPS, അട്ടച്ചാക്കൽ | ഗീതാ കുമാരി P. ഹെഡ്മിസ്ട്രസ്സ്, Govt.UP സ്കൂൾ,കോന്നി താഴം (കൺവീനർ) |
| എം ബുക്ക് നമ്പർ | 66/AE/KGP/17-18 | 32/AE/KGP/17-18 |
| VAT തുക 5% നിരക്കിൽ ഈടാക്കേണ്ടത് | 11920 | 6540 |

അട്ടച്ചാക്കൽ ഗവ. LP സ്കൂൾ ചുറ്റുമതിൽ നിർമ്മാണം (വാർഡ്-3), പയ്യനാമൺ ഗവ.UPസ്കൂൾ മെയിന്റനൻസ് എന്നീ പ്രവൃത്തികളുടെ എം-ബുക്ക് പരിശോധിച്ചതിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും (₹238407) വാറ്റ് തുകയായ 5% കുറവു ചെയ്തിട്ടില്ല എന്നു കണ്ടു. 01.07.2017 മുതൽ GST നടപ്പാക്കിയതിനു ശേഷം VAT ഈടാക്കാനാവില്ലയെങ്കിലും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.03.2018 ലെ DB3-9058/17/സി.ഇ/തസ്വഭവ നമ്പർ കത്ത് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടെയുള്ള നിരക്കാണ് Price Software ൽ നൽകിവരുന്നത്. അതിനാൽ VAT 5% കുറവു ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. സർക്കാർ പിന്നീട് ഈ തുക എപ്രകാരം അടവാക്കുമെന്ന് നിർദ്ദേശം നൽകുമ്പോൾ തുക അടവാക്കേണ്ടതായിരുന്നു.എന്നാൽ മേൽ പ്രവൃത്തികളിൽ VAT തുക കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്.

ഈ വിഷയത്തിന്മേൽ ഓഡിറ്റിനു വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/2018 തീയതി 27.07.2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. VAT തുക ബില്ലിൽ നിന്ന് ഈടാക്കാത്തതിനാൽ ₹18460 രൂപ (11920+6540) സംസ്ഥാന സർക്കാറിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭരണ തലത്തിൽ ഈ വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നഷ്ടപ്പെടുത്തുന്ന ഒരു പ്രധാന ഇനമാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 370 പൊതുടാപ്പുകൾക്ക് പ്രതിമാസം 161875 രൂപയാണ് ഈ ഇനത്തിൽ ചെലവ്. പ്രസ്തുത ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് ഇരുപത് ലക്ഷത്തോളം രൂപയാണ്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് വർഷംതോറും ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്നുള്ളത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പരിശോധിക്കുന്നില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായി മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും 2017-18 വർഷവും പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കുൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായി ഗ്രാമപഞ്ചായത്ത് 370 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കി വരുന്നത്. പ്രവർത്തിക്കുന്ന ടാപ്പുകൾ വിരലിലെണ്ണാവുന്നത് മാത്രമാണുള്ളതെന്നാണ് ഭരണസമിതി അംഗങ്ങൾ അറിയിച്ചത്. പ്രസ്തുത സാഹചര്യത്തിൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുകയോ അല്ലാത്ത പക്ഷം പദ്ധതി രൂപീകിച്ച് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് ടാപ്പുകൾ പൂർണ്ണമായും നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ്. തുടർന്ന ടാപ്പുകൾ ആവശ്യമായ കുടുബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. ഓഡിറ്റിന്റെ ടി നിർദ്ദേശം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പരിഗണനക്കായി നിർദ്ദേശിക്കുന്നു.

## 3-15 വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളും അവയുടെ നിലവിലെ അവസ്ഥയും പ്രായോഗിക ബുദ്ധിമുട്ടുകളും

ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളും അവയുടെ പ്രായോഗിക പ്രശ്നങ്ങളും ചുവടെ ചേർക്കുന്നു

| *ക്രമ നം.* | *സോഫ്റ്റ് വെയർ* | *ഉദ്ദേശ്യം* | *നിലിവിൽ വന്ന വർഷം* | *നിലവിലെ അവസ്ഥ* | *പ്രായോഗിക പ്രശ്നങ്ങൾ* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | സുലേഖ | പദ്ധതി വിവരങ്ങൾ ശേഖരിച്ച് ക്രോഡീക-രിക്കുന്നതിന് വേണ്ടിയാണ് സുലേഖ വികസിപ്പിച്ചത്. സ.ഉ(കൈ.) 7/04/പ്ലാനിംഗ് തീയതി 3.2.2004 പ്രകാരം സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് എല്ലാ ഭരണ സ്ഥാപനങ്ങളും പദ്ധതി സംബന്ധിച്ച് എല്ലാ റിപ്പോർട്ടുകളും തയ്യാറാക്കണമെന്ന് നിർദ്ദേശമുണ്ട്. പത്താം പഞ്ചവത്സര പദ്ധതി മുതൽ എല്ലാ പ്രോജക്ടുകളും സുലേഖ മുഖേനഓൺലൈനായി സമർപ്പണം ഉടങ്ങി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മുതൽ സുലേഖ സോഫ്റ്റ് വെയറും വെബ് അധിഷ്ഠിതമാക്കിയിട്ടുണ്ട് (www.plan.lsgkerala. gov.in) പദ്ധതി നിർവ്വ-ഹണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും ലഭ്യമാണ്. | 2000 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു | 1. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പദ്ധതികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ (ഫണ്ട് എന്നിവയുടെ) പരിഹരിക്കുന്നതിന് സെക്രട്ടറിയ്ക്ക് പ്രൊജക്ട് ഓൺലൈനായി തിരിച്ചയ്ക്കാൻ സാധിക്കുന്നില്ല.<br>2.സ്പിൽ ഓവർ പ്രോജക്ടുകളിൽ തൻവർഷ പ്രോജക്ടുകളിലെ പോലെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്താൻ നിലവിൽ സാധിക്കുന്നില്ല.<br>3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേഖല തിരിച്ചുള്ള പദ്ധതി കണക്കുകൾ ലഭിക്കുന്നതിന് സോഫ്റ്റ് വെയർ ഉപയോഗപ്രദമല്ല.<br>4. 2017-18 വർഷത്തെ പദ്ധതി അംഗീകാരം സംബന്ധിച്ച പ്രത്യേകത മൂലവും വിഷമതകൾ നേരിടുന്നു. തൻവർഷം ഡിപിസി അംഗീകാരത്തിന് ശേഷമാണ് വെറ്റിംഗ് നടപ്പാക്കിയത്. സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും പല മരാമത്ത് പ്രവൃത്തികളും വെറ്റ് ചെയ്യാതെ അവശേഷിക്കുന്നു.<br>5. ചെലവ് ശതമാനം മാന്വലായി അറിയാൻ മാത്രമേ സംവിധാനമുള്ളൂ. |
| 2 | സഞ്ചയ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ വരുമാനങ്ങൾ കൈകാര്യം ചെയ്യുന്ന പ്രക്രിയ സുഗമമാക്കുന്നതിന് ഉപയോഗിക്കുന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ അപ്ലിക്കേഷനാണ് | 2013 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഡിമാന്റ് കൃത്യമായിട്ട് കണക്കാക്കിയിട്ടുള്ളവർക്ക് | 1. കെട്ടിടങ്ങളുടെ 2013-ന് മുൻപുള്ള നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ |

| | | | | | |
|---|---|---|---|---|---|
| | | സഞ്ചയ. സഞ്ചയ അപ്ലിക്കേഷനിലൂടെ നിലവിൽ ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും വസ്തു നികുതി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനവും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. | | ഇ-പേയ്മെന്റ് സൗകര്യം പ്രയോജനപ്പെടുത്താം. | കാലികമാക്കാത്തതിനാൽ ഡിമാന്റിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.<br>2. ഡേറ്റാ എൻട്രിയിലെ ചെറിയ തിരുത്തലുകൾക്കു പോലും 8 ലോഗിനുകൾ ഉപയോഗിക്കേണ്ടി വരുന്നു എന്നത് സോഫ്റ്റ് വെയറിന്റെ മെച്ചപ്പെട്ട സുരക്ഷാസംവിധാനത്തിന്റെ ഉദാഹരണം ആണെങ്കിലും ജീവനക്കാർക്ക് ഇത് പ്രായോഗികതലത്തിൽ ഒട്ടേറേ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനോടൊപ്പം സോഫ്റ്റ് വെയറിന്റെ യൂസർ ഫ്രണ്ടലിനെസ്സിനെ ബാധിക്കുന്നു.<br>3. നിരവധി രസീതുകൾ ഒറ്റ വിൻഡോയിൽ പോസ്റ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഇല്ല.<br>4. Occupancy change ചെയ്യാനുള്ള സൗകര്യം ഇല്ല.<br>5. സഞ്ചയയും സങ്കേതവും തമ്മിൽ ബന്ധപ്പെടുത്തി-യിട്ടില്ല. |
| 3 | സാംഖ്യ | അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ് വെയറാണ് സാംഖ്യ. സാംഖ്യ വെബ് അധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി, ധനകാര്യ സ്ഥാപനങ്ങളുടെയും ധനകാര്യ ഇടപാടുള്ള അക്കൗണ്ടുകളുടെയും മാസ്റ്റർ ഡേറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നതിനും ഓൺലൈൻ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനും തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് എത്തിക്കുന്നതിനുമുള്ള ഓൺലൈൻ സംവിധാനം വിന്യസിച്ചിട്ടുണ്ട്. | 2011 | നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ട്. | 1. ഡിസിബി പത്രിക മാനുവലായി മാത്രമേ തയ്യാറാക്കാൻ സാധിക്കു.<br>2. ചുവടെ പറയുന്ന ഇനങ്ങൾക്ക് പ്രത്യേകം <u>ചെലവ് ഹെഡ്</u> ഇല്ല-<br>*റിഫ്രഷ് മെന്റ് ചാർജ്ജ്<br>* പഞ്ചായത്ത് ദിനം ചെലവ്<br>* വാട്ടർ മീറ്റർ ഇൻസ്റ്റലേഷൻ<br>* ഗ്രീഷ്മോത്സവം<br>* ആർജ്ജിതാവധി |

| | | | | | |
|---|---|---|---|---|---|
| | | | | | സറണ്ടർ (നിലവിൽ ശമ്പളം എന്ന ഹെഡിൽ രേഖപ്പെടുത്തുന്നു)<br>* ഇൻകം ടാക്സ് ഫയലിംഗ് ചാർജ്ജ്<br>വരവ് ഹെഡ് ഇല്ലാത്തവ<br>* കേരളോത്സവം |
| 4 | സേവന<br>(സിവിൽ രജിസ്ട്രേഷൻ) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നത് സേവന (സിവിൽ രജിസ്ട്രേഷൻ) സോഫ്റ്റ് വെയർ മുഖേനയാണ്. സ്ഥാപനങ്ങളിൽ ഇലക്ട്രോണിക്കായി രജിസ്റ്റർ ചെയ്യുന്ന എല്ലാ ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകളും (വാട്ടർമാർക്കും ബാർകോഡും ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളോട്ടു കൂടിയ) www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയതെടുക്കാം. | 2008 | പഞ്ചായത്തിൽ ഹോസ്പിറ്റൽ കിയോസ്കുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിലെ 1970 മുതലുള്ള ജനന-മരണ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. | ഇല്ല |
| 5 | സേവന (സാമൂഹ്യ സുരക്ഷ പെൻഷൻ) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നത് സേവന സോഫ്റ്റ് വെയറിലൂടെയാണ്. www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിൽ കർഷകതൊഴിലാളി പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാണ്. | 2009 | കാര്യക്ഷമമായി<br>ഉപയോഗി-ക്കുന്നു | ഇല്ല |
| 6 | സചിത്ര | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ് അധിഷ്ഠിത അപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ് സചിത്ര. ആസ്തികളുടെ മൂല്യം കൂടി ഉൾപ്പെടുത്താൻ സൗകര്യപ്പെടുന്ന രീതിയിൽ സചിത്ര പരിഷ്കരിച്ചിട്ടുണ്ട്. സചിത്രയിലൂടെ സ്ഥാപനങ്ങളുടെ മൊത്തം ആസ്തികളുടെ വിവരം, ആസ്തികളുടെ മൂല്യം, കൈമാറ്റം എന്നിവ ഉൾപ്പെടുത്തുന്നതിനും ഓരോ ആസ്തിയുടെയും വാർഷികാടിസ്ഥാനത്തിലുള്ള മൂല്യശോഷണം കണക്കാക്കാനും സാധിക്കും. സ്ഥാനീയ വിവരശേഖരണ പ്രക്രിയയുടെ അടിസ്ഥാന ഭൂപടമായി ഉപയോഗിക്കാവുന്ന തരത്തിൽ | 2010 | പഞ്ചായത്തിലെ എല്ലാ ആസ്തികളുടെയും മൂല്യ നിർണ്ണയം നടത്തി (2017 മാർച്ച് വരെയുള്ള) ഉൾപ്പെടുത്തിയിട്ടുണ്ട്. | 1. ജി.ഐ.എസ് മാപ്പിംഗ് സംവിധാനം പൂർണ്ണമായി നടപ്പിലായിട്ടില്ല.<br>2. നിലവിൽ ഓൺലൈൻ അല്ലാത്ത സാഹചര്യത്തിൽ മൂല്യശോഷണത്തിന്റെ ശേഷമുള്ള മൂല്യം ഉൾപ്പെടുത്താതെ കേവലം പഞ്ചായത്തിന്റെ ആസ്തികളുടെ ഒരു ഡേറ്റാബേസ് എന്ന നിലയിൽ മാത്രമാണ് ഉപയോഗിക്കപ്പെടുന്നത്. |

| | | | | | |
|---|---|---|---|---|---|
| | | കഡസ്റ്റൽ ഭൂപടം വെബ് അധിഷ്ഠിതമായി ഐ.കെ.എം തയ്യാറാക്കിയിട്ടുണ്ട്. (http://gis.lsgkerala.in) | | | |
| 7 | സ്ഥാപന | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വിശദാംശങ്ങൾ, പ്രതിമായ ഇടപാടുകൾ എന്നിവ ഉൾക്കൊള്ളിച്ച് ശമ്പള ബില്ലുകൾ, സപ്ലിമെന്ററി ബില്ലുകൾ, വിവിധതരം അരിയർ ബില്ലുകൾ, ലീവ് സറണ്ടർ ബിൽ ചെയ്യുന്നതിനുമുള്ള സോഫ്റ്റ് വെയറാണ് സ്ഥാപന. ജീവനക്കാരുടെ പി.എഫ് വിവരങ്ങൾ വെബ് അധിഷ്ഠിതമായി രേഖപ്പെടുത്തുന്നതിനും ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം സ്ഥാപനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | 2008 | സോഫ്റ്റ് വെയർ സമഗ്രമല്ല. | 1. ജീവനക്കാരുടെ ജോയിനിംഗ്, റിലീവിംഗ്, ഇൻക്രിമെന്റ്, ആർജ്ജിതാവധി സംബന്ധിച്ച ഉത്തരവുകൾ, തൊഴിൽ നികുതി, ആദായ നികുതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.<br>2. ശമ്പള കുടിശ്ശിക ബിൽ എടുക്കാൻ സാദ്ധ്യമല്ല. |
| 8 | സൂചിക | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ്, ബാക്ക് എൻഡ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക വഴി കടലാസ് രഹിത ഓഫീസ്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് വികസിപ്പിച്ച വെബ് അധിഷ്ഠിത അപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ് സൂചിക. സൂചികയിലൂടെ അപേക്ഷകൾക്കും പരാതികൾക്കും അപേക്ഷയുടെ നമ്പരും തീയതിയും സേവനം ലഭ്യമാക്കുന്ന തീയതിയും രേഖപ്പെടുത്തി നൽകുന്നതിനാൽ ഫയലുകളുടെ നിജസ്ഥിതി അടക്കം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും www.filetracking.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെയും ലഭ്യമാണ്. പൊതുജനങ്ങൾക്ക് പ്രസ്തുത സൈറ്റ് വഴി പരാതികളും സമർപ്പിക്കുവാൻ അവസരമുണ്ട്. | 2012 | ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന് വളരെ പരിമിതമായി ഉപയോഗിക്കുന്നു. അപേക്ഷകർക്ക് നമ്പർ ഇടാനും രസീത് നൽകാനും മാത്രം ഉപയോഗിക്കുന്നു. | 1. ഫ്രണ്ട് ഓഫീസും എല്ലാ സെക്ഷനുകളും തമ്മിൽ നെറ്റ് വർക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാർക്ക് മതിയായ പരിശീലനത്തിന്റെ അഭാവം മൂലം ബാക്ക് എൻഡ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br>2.ഓൺലൈൻ സംവിധാനം നടപ്പിലാ- ക്കാത്തത് മൂലം ജനങ്ങൾക്ക് സൂചിക ഉപയോഗിച്ച് ഫയൽ ട്രാക്കിംഗ്, പരാതി സമർപ്പിയ്ക്കൽ എന്നിവ നടത്തുവാൻ കഴിയുന്നില്ല. |
| 9 | സങ്കേതം | കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾ അടിസ്ഥാനമാക്കി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച കാര്യങ്ങൾ കൃത്യമായും സുഗമമായും നിറവേറ്റുന്നതിനായുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ് സങ്കേതം. സങ്കേതം വെബ്സൈറ്റിലൂടെ ആർക്കിടെക്ക്ച്ചർ രജിസ്ട്രേഷനും, കെട്ടിട പെർമിറ്റിനുള്ള അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനവും അപേക്ഷകളുടെ തത്സമയ പരിശോധനയും ഇലക്ട്രോണിക് രൂപത്തിലുള്ള കെട്ടിട പെർമിറ്റ്/ പൂർത്തീകരണ സർട്ടിഫിക്കറ്റ്/ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനവും ഫയലിന്റെ നിജസ്ഥിതിയും അറിയിക്കുന്നതിനുള്ള | 2017 | പെർമിറ്റുകൾ എല്ലാം സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്നത്. പ്രസ്തുത സോഫ്റ്റ് വെയർ പഞ്ചായത്തിൽ കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നു. | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | സംവിധാനവും ആപ്ലിക്കേഷൻ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഇ-പേയ്മെന്റ് മാർഗ്ഗം ഒടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. | | | |
| 10 | സകർമ്മ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മറ്റികളുടെ യോഗ നടപടിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയറാണ് സകർമ്മ. സകർമ്മ ഉപയോഗിച്ച് യോഗ നടപടിക്രമങ്ങൾ മലയാളത്തിന് പുറമേ തമിഴ്, കന്നട ഭാഷകളിലും രേഖപ്പെടുത്താനുള്ള സൗകര്യമുണ്ട്. സ്ഥാപനങ്ങളിലെ സെക്രട്ടറി, മറ്റ് ജീവനക്കാർ, ജനപ്രതിനിധികൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും സകർമ്മയിൽ ലോഗിൻ ലഭ്യമാക്കിയിട്ടുണ്ട്. യോഗ തീയതി, സമയം എന്നിവ എസ്.എം.എസ് വഴി അറിയിക്കുന്നതിനും യോഗങ്ങളുടെ ഹാജരും മിനിട്ട്സും തയ്യാറാക്കി മിനിട്ട്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ലഭിക്കുന്നതിനുള്ള സംവിധാനവും സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | 2017 | മിനിട്ട്സുകൾ ഓൺലൈനായി രേഖപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടില്ല. മിനിട്ട്സുകൾ യോഗങ്ങൾ കഴിഞ്ഞ് ഏറെ നാളുകൾക്ക് ശേഷമാണ് രേഖപ്പെടുത്തുന്നത്. | ഇല്ല |
| 11 | സംവേദിത | തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും വെബ്പോർട്ടലാണ് സംവേദിത. വിവിധ സർക്കാർ ഉത്തരവുകളും പഞ്ചായത്ത് നഗരകാര്യ വകുപ്പുകളുടെ നടപടിക്രമങ്ങളും, വികേന്ദ്രീകൃത ആസൂത്രണം, വിവിധ കമ്മീഷനുകൾ, സ്ഥാപനങ്ങളുടെ ടെണ്ടർ ഉൾപ്പെടെയുള്ള വിവിധ പരസ്യങ്ങളുമാണ് ഇതിലുള്ളത്. | --- | സംവേദിത പൂർണ്ണമായി അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ട്. | ഇല്ല |
| 12 | സുഭദ്ര | ബഡ്ജറ്റ്, സാമ്പത്തിക മാനേജ്മെന്റ് എന്നിവ കൈകാര്യം ചെയ്യുന്നു | - | ഉപയോഗിക്കുന്നില്ല | - |
| 13 | സാഫല്യ | പ്രാദേശിക വിഭവ ശേഷി മാനേജ്മെന്റ് | - | ഉപയോഗിക്കുന്നില്ല | - |
| 14 | സാമൂഹ്യ | സാമൂഹിക സാമ്പത്തിക വിവരങ്ങൾ ഉൾക്കൊള്ളുന്ന വിവരവ്യൂഹം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം | - | ഉപയോഗിക്കുന്നില്ല | - |
| 15 | സഞ്ചിത | പഞ്ചായത്ത് രാജ് ആക്ട് റൂൾസ്, സർക്കാർ ഉത്തരവുകൾ എന്നിവയുടെ വിജ്ഞാന കോശം | - | ഉപയോഗിക്കുന്നില്ല | - |
| 16 | സുഗമ | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനം | - | എസ്റ്റിമേറ്റുകൾ നിലവിൽ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ചെയ്യുന്നത്. | - |

സോഫ്റ്റ് വെയറുകളുടെ ഉപയോഗത്തിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഐ.കെ.എം

നടപടി സ്വീകരിക്കേണ്ടതും ജീവനക്കാർക്ക് വിവിധ സോഫ്റ്റ് വെയറുകളുടെ ഉപയോഗിക്കുന്നതിന് ആവശ്യമായ പ്രായോഗിക പരിശീലനം നൽകേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 50000 | നെൽകൃഷി വികസനം(18/2017-18) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (219/2017-18) | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 150000 | അംഗനവാടി പോഷകാഹാര പരിപാടി (35/2017-18) | 150000 | 0 |
| ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | 100000 | അംഗനവാടി പോഷകാഹാര പരിപാടി (35/2017-18) | 54950 | 45050 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 150000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(278/2017-18) | 132750 | 17250 |
| ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | 100000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(278/2017-18) | 99700 | 300 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 696690 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ(276/2017-18) | 397405 | 299285 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 2000000 | നാരായണപുരം സാനിട്ടറി കോപ്ലക്സ്(83/2017-18) | 1847752 | 152248 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1000000 | എയ്റോബിക്ക് കമ്പോസ്റ്റ് 84(/2017-18) | 640000 | 360000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽവൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ15/2017-18 | 174600 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (275/2017-18) | 220000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽവൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (276/2017-18 ) | 729905 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| വാട്ടർ അതോറിറ്റി | അംഗനവാടി കുടിവെള്ള കണക്ഷൻ (123/2017-18) | 150000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>2-4 | 2009-11<br>22, 23, 24 | വനിതാ റസ്റ്റോറന്റ് ക്രമക്കേടുകൾ | കേസ് കോടതിയിൽ നിലനിൽക്കുന്നു |
| 2014-15<br>2-1 | 2016-17<br>അനുബന്ധം | വസ്തു നികുതി | ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കി |
| 2015-16<br>2-5 | 2016-17<br>അനുബന്ധം | തൊഴിൽ നികുതി | ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കി |
| 2015-16<br>2-6 | 2016-17<br>അനുബന്ധം | വസ്തു നികുതി | ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110172911 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90699427 |
| വരവിനങ്ങളിലുള്ള നഷ്ടം | 43193 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 128104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 111162 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-2 | 10942 | | ശ്രീമതി ശാന്തി.എസ്, സെക്രട്ടറി |
| 2-3 | 31951 | | ശ്രീമതി ശാന്തി.എസ്, സെക്രട്ടറി |
| 2-7 | 300 | | ശ്രീമതി ശാന്തി.എസ്, സെക്രട്ടറി |
| 3-2 | | 76378 | ശ്രീ അജിത് കുമാർ.ആർ അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 1848 | ശ്രീമതി ശാന്തി.എസ്, സെക്രട്ടറി |
| 3-5 | | 3238 | ശ്രീമതി ശാന്തി.എസ്, സെക്രട്ടറി |
| 3-6 | | 35640 | ശ്രീമതി ആദില.എസ്, കൃഷി ഓഫീസർ |
| 3-12(A) | | 11000 | ശ്രീമതി മറിയാമ്മ.എൻ.ജി, അസ്സിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 43193 | 128104 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 103162 | ശ്രീമതി മറിയാമ്മ.എൻ.ജി, അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 8000 | ശ്രീമതി മറിയാമ്മ.എൻ.ജി, അസ്സിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 111162 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

₹18460 (ഖണ്ഡിക 3-13 കാണുക)

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശാന്തി എസ്<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | സൂര്യ<br>ചൂരക്കോട്.പി.ഒ<br>അടൂർ-691551 |
| ശ്രീമതി ആദില.എസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൊടുമൺ ഗ്രാമപഞ്ചായത്ത് | തരകൻവിളയിൽ<br>കടയ്ക്കാട് പി.ഒ<br>പന്തളം |
| ശ്രീമതി മറിയാമ്മ.എൻ.ജി, അസ്സിസ്റ്റന്റ് | അസ്സിസ്റ്റന്റ് സെക്രട്ടറി | കൊണ്ടൂർ ഹൗസ് |

| | | |
|---|---|---|
| സെക്രട്ടറി | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | ചേത്തയ്ക്കൽ.പി.ഒ<br>മന്ദമരുതി, റാന്നി |
| ശ്രീ അജിത് കുമാർ.ആർ<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ച | ശ്രീവത്സം<br>കുറുമ്പുകര.പി.ഒ<br>പത്തനാപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | |
| 1997-98 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99(ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി | |

| | | |
|---|---|---|
| | 07-0710/04-03-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | 6 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | 9 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | 17 |
| 2016-17 | കെ.എസ്.എ പി.റ്റി.എ.പി9-776/2017 തീയതി 04-07-2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9/1140/18 തീയതി :04.08.2018

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-2 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P9/1140/18 Dated :04.08.2018

Certified that I have examined the Annual Financial Statement of Konni Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Konni Gramma Panchayat for the year 2017-18 except the observations in Para 1-2 of my report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta